5.1

# വിശ്വവിദ്യാലയം

## ആമുഖം

**പ്ര**കൃതിയാണ് ഏറ്റവും വലിയ പാഠശാല. അതിൽനിന്നു വിട്ടുമാറി ജീവിക്കാൻ ജീവജാലങ്ങൾക്കാവില്ല. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തിൽ നിന്നാണ് എല്ലാ അറിവുകളും മനുഷ്യനിലേക്കു സംക്രമിക്കാൻ തുടങ്ങിയത്. ഈ അറിവാണ് മാനവരാശിയെ നാളിതുവരെ മുന്നോട്ടു നയിച്ചത്. തന്റെ അടിസ്ഥാന ആവശ്യങ്ങളായ ജലം, വായു, ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവയെല്ലാം മനുഷ്യൻ പ്രകൃതിയിൽനിന്നാണ് കണ്ടെടുത്തിട്ടുള്ളത്. പ്രകൃതിയുടെ ഭാഗങ്ങളായ പർവതങ്ങൾ, മലകൾ, താഴ്‌വരകൾ, നദികൾ, വനങ്ങൾ, മരുഭൂമികൾ തുടങ്ങിയവയെല്ലാം ഓരോരോ ജൈവഘടകങ്ങളാണ്. ഇവയോടെല്ലാം പല വിധത്തിൽ പ്രതികരിക്കുന്നതിലൂടെയാണ് മനുഷ്യനിൽ പ്രപഞ്ചത്തെക്കുറിച്ചുള്ള അറിവുകൾ രൂപപ്പെട്ടുവരുന്നത്. ഈ അറിവുകളുടെ ആകത്തുകയാണ് മനുഷ്യന്റെ മനോഭാവങ്ങൾക്ക് രൂപം നൽകിയത്.

പ്രപഞ്ചത്തിലെ സർവചരാചരങ്ങളിലും ഈശ്വരൻ വസിക്കുന്നു എന്നാണ് ഭാരതീയമായ ജ്ഞാനപൈതൃകം നമ്മെ ഓർമ്മിപ്പിക്കുന്നത്. വിശ്വവിദ്യാലയത്തിൽനിന്ന് നേടുന്ന ഓരോ അറിവും വിലപ്പെട്ടതാണ്. ഭാരതത്തിലെ ഏറ്റവും പ്രാചീനമായ ആത്രേയപരമ്പരയിലെ ഗുരുവിന്റെ ഒരു കഥയുണ്ട്.

> *വർഷങ്ങളോളമുള്ള പഠനം കഴിഞ്ഞ് ശിഷ്യൻമാരെല്ലാം യാത്രപറഞ്ഞ് അവരവരുടെ നാടുകളിലേക്ക് പിരിഞ്ഞ് പോവുകയാണ്. ഗുരു എല്ലാവർക്കും ബിരുദങ്ങൾ നൽകി. എന്നാൽ ഏറ്റവും ബുദ്ധിമാനായ ചൈനക്കാരൻ ശിഷ്യൻമാത്രം ഗുരുവിനെ ചുറ്റിപ്പറ്റി നിന്നു. അവനോട് ഗുരു എന്തു വേണമെന്ന് ചോദിച്ചു. ശിഷ്യൻ പറഞ്ഞു: "ഗുരോ, വർഷങ്ങളായി ഞാൻ അങ്ങയുടെ കീഴിൽ വിദ്യ അഭ്യസിക്കുകയാണ്. എല്ലാവിധത്തിലുള്ള അറിവുകളും അങ്ങ് ഞങ്ങൾക്ക് പകർന്നു നൽകിയിട്ടുണ്ട്. അതിനാൽ എന്തെങ്കിലും ഒരു സമ്മാനം അങ്ങേയ്ക്ക് നൽകണമെന്ന് ആഗ്രഹിക്കുന്നു." അതു കേട്ട ഗുരു ഉറക്കെച്ചിരിച്ചു. എന്നിട്ട് ഉപദേശിച്ചു:*
>
> *"ഞാൻ വൃദ്ധനായി. ഏതു നിമിഷവും മരിച്ചുപോവുകയും ചെയ്യാം. എനിക്ക് എന്തിനാണ് ഒരു ഗുരുദക്ഷിണ. ഏതായാലും നീ അങ്ങനെ ആഗ്രഹിച്ച സ്ഥിതിക്ക് ഞാൻ പറയാം. നീ എവിടെയെങ്കിലും പോയി ആർക്കും ഉപകാരമില്ലാത്ത ഒരു ചെടി പറിച്ചുകൊണ്ടുവരുക."*

*അതുകേട്ട് ശിഷ്യൻ സന്തോഷത്തോടെ കാട്ടിലേക്കു പോയി. എന്നാൽ മാസങ്ങളോളം അലഞ്ഞുനടന്നിട്ടും ആർക്കും ഉപകാരപ്പെടാത്ത ഒരു പുൽക്കൊടി പോലും പറിച്ചുകൊണ്ടുവരാൻ കഴിഞ്ഞില്ല. ശൂന്യമായ കൈകളോടെ അയാൾ തിരിച്ചുവന്നു. നിശ്ശബ്ദനായി തലതാഴ്ത്തിനിന്ന ശിഷ്യനോട് ഗുരു പറഞ്ഞു:*

"ആർക്കും ഉപകാരമില്ലാത്തതായി ഒരു ചെടി പോലും ഇല്ല എന്ന് നീ കണ്ടെത്തിയല്ലോ. അറിവാണ് ഏറ്റവും വലുത്. അതാകട്ടെ എനിക്കുള്ള സമ്മാനം."

ശിഷ്യൻ സന്തോഷത്തോടെ ഗുരുവിന്റെ കാൽക്കൽ വീണ് നമസ്കരിച്ചു. പ്രകൃതിയിൽ ഗുണമില്ലാത്തതായി ഒന്നുമില്ല. അവയിൽ ഏറ്റവും പ്രധാനമാണ് വൃക്ഷങ്ങൾ. അതുകൊണ്ടാണ് മരം ഒരു വരമാണെന്നും ഒരു തൈ നടുമ്പോൾ നിങ്ങൾ സൃഷ്ടിക്കുന്നത് ഒരു പ്രപഞ്ചമാണെന്നും മലയാളത്തിന്റെ പ്രിയ കവി ഒ.എൻ.വി. പറഞ്ഞത്.

"ഒരു തൈ നടുമ്പോൾ
ഒരു തണൽ നടന്നു!
നടുനിവർക്കാനൊരു
കുളുർനിഴൽ നടുന്നു
പകലുറക്കത്തിനൊരു
മലർവിരി നടുന്നു
..................................
ഒരു തൈ നടുമ്പോൾ
പല തൈ നടുന്നു
പല തൈ നടുന്നു
പല തണൽ നടുന്നു."– *ഒരു തൈ നടുമ്പോൾ (ഒ.എൻ.വി.)*

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രകൃതിയെ നശിപ്പിക്കാതിരിക്കാൻ വിവിധ വ്യക്തികളും പ്രസ്ഥാനങ്ങളും അനവരതം പ്രവർത്തിച്ചുവരുന്നു. 'വേൾഡ് ഗ്രീൻ പീസ് ഓർഗനൈസേഷൻ', സുന്ദർലാൽ ബഹുഗുണയുടെ 'ചിപ്കോ പ്രസ്ഥാനം', മേധാപട്കറുടെ 'നർമ്മദാ ബച്ചാവോ ആന്തോളൻ', വേൾഡ് വൈൽഡ് ഫണ്ട് (WWF) എന്നിവ അവയിൽ ചിലതാണ്.

അമേരിക്കയിൽ വസന്തകാലത്തിന്റെ തുടക്കം 'റോബിൻ' കുരുവികളുടെ ശബ്ദായമാനമായ വരവോടുകൂടിയാണ്. എന്നാൽ പ്രകൃതിനാശം മൂലം ഈ കുരുവികളുടെ മുട്ടകൾ വിരിയാതെ വന്ധ്യംകരിക്കപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. ഇനി അമേരിക്കയിൽ നിശ്ശബ്ദവസന്ത(Silent Spring)മാണ് ഉണ്ടാവുകയെന്ന് റെയ്ച്ചൽ കഴ്സൺ എന്ന എഴുത്തുകാരി ചൂണ്ടിക്കാട്ടി. അവരുടെ പുസ്തകത്തിന്റെ പേരും 'നിശ്ശബ്ദവസന്തം' എന്നാണ്. ആ മുന്നറിയിപ്പിന്റെ ഫലമായി അൻപതു വർഷം മുമ്പ് അമേരിക്ക പാരിസ്ഥിതിക നിയമങ്ങൾ കർശനമാക്കി. അപൂർവ ഇനം ജീവികളുടെയും സസ്യജാലങ്ങളുടെയും കടലാമകളുടെയുമെല്ലാം സംരക്ഷകരായി മനുഷ്യർ മാറുമ്പോൾ വിശ്വമാണ് വിദ്യാലയം എന്ന കാഴ്ചപ്പാടിന് പ്രാധാന്യം ഏറുകയാണ്.

ഏറ്റവും പ്രാചീനകാലം മുതലേ മരങ്ങളുടെ സംരക്ഷണത്തിന് കാവുകൾ നിർമ്മിച്ചവരായിരുന്നു നമ്മുടെ പൂർവികർ. 'കാവ് വെട്ടിയാൽ കിണർ വറ്റും' എന്ന ചൊല്ലും ഏറ്റവും പ്രസക്തമാണ്. തെയ്യങ്ങൾക്ക് കിരീടവും ആഭരണവും ഉണ്ടാക്കാൻ ഭാരം കുറഞ്ഞ മരങ്ങളാണ് വേണ്ടത്. അത് വെട്ടുന്നത്, മരച്ചുവട്ടിൽ പൂജചെയ്ത് ദൈവത്തിന്റെ ആഭരണത്തിന് വേണ്ടിയാണ് എന്നു ബോധ്യപ്പെടുത്തിക്കൊണ്ടാണ്. അത്രപോലും ശ്രദ്ധിച്ചിരുന്നു നമ്മുടെ പിതാമഹന്മാർ.

ജീവിച്ച് എല്ലാം നേടിക്കഴിഞ്ഞ മരം, തന്നെ വെട്ടിയെടുക്കുന്ന മനുഷ്യന് ഉപകാരപ്രദമാകാൻ സന്തോഷത്തോടെ സ്വയം സന്നദ്ധമാകുന്നു. പ്രാർഥിക്കുമ്പോൾ അനുഗ്രഹിക്കുന്നു. എന്നാൽ മരം മുറിക്കും മുമ്പ് മരത്തിന്റെ ചില്ലകളിൽ പാർക്കുന്ന പക്ഷി

കളോട് മാറിത്താമസിക്കാൻ അപേക്ഷിച്ച്, ക്ഷമ ചോദിക്കുകയും നമസ്കരിക്കുകയും വേണം എന്നർഥം വരുന്ന ഒരു ശ്ലോകം 'കൗശകീയം' എന്ന പ്രാചീനഗ്രന്ഥത്തിലുണ്ട്.

ചൈനയിലെ വൃദ്ധനായ ഒരു കർഷകൻ മരണശയ്യയിൽ കിടക്കുകയാണ്. അത്രയും കാലം തൊഴിലൊന്നും ചെയ്യാതെ അച്ഛന്റെ അധ്വാനം കൊണ്ട് ജീവിച്ച മകന് ഇനി പണി ചെയ്യാതെ ജീവിക്കാനാവില്ലെന്ന് മനസ്സിലായി. ഒടുവിൽ ഒരു നല്ല കൃഷിക്കാരനാകാൻ അയാൾ തീരുമാനിച്ചു. അച്ഛന്റെ കാൽതൊട്ട് വന്ദിച്ച് അയാൾ ചോദിച്ചു:

"അച്ഛാ, ഞാനും ഒരു നല്ല കർഷകനാകാനാഗ്രഹിക്കുന്നു. എന്റെ കൃഷി നന്നാവാൻ ഞാൻ എന്തൊക്കെയാണ് ചെയ്യേണ്ടത്?"

ആ വന്ദ്യവയോധികൻ പുഞ്ചിരി പൊഴിച്ചുകൊണ്ട് മൂന്നു വാക്കുകൾ മാത്രം പറഞ്ഞു:

"കൃത്യത, ആർദ്രത, ശാന്തത." അയാൾ ചാരിതാർഥ്യത്തോടെ മിഴിയടച്ചു.

കഥയിലെ കാരണവർ പറഞ്ഞത് കൃഷിയെക്കുറിച്ച് മാത്രമല്ലെന്ന് നമുക്കറിയാം. വിശ്വം വിദ്യാലയമായി കാണണമെങ്കിൽ ഈ മൂന്ന് മൂല്യങ്ങളും വളരെ പ്രധാനമാണ്. ഓരോ വർഷവും എത്ര കൃത്യമായാണ് ഋതുക്കൾ വരുന്നത്. ആയിരക്കണത്തിന് കിലോമീറ്ററുകൾ താണ്ടിയാണ് ദേശാടനപ്പക്ഷികളും മീനുകളും എത്തുന്നത്. കടലാമയുടെ കുഞ്ഞുങ്ങളെ എത്ര തലതിരിച്ച് നിർത്തിയാലും അവ കടലുള്ള ഭാഗത്തേക്കേ നീങ്ങുകയുള്ളൂ. രാഗതാളങ്ങളിലെ കൃത്യതയാണ് സംഗീതം. മരങ്ങൾ കൃത്യമായി പൂക്കുകയും കായ്ക്കുകയും ചെയ്യുന്നു. ആർദ്രതയാണ് പ്രകൃതിയുടെ ഭാവം.

"മരങ്ങൾ താഴുന്ന ഫലാഗമത്തിനാൽ
പരം നമിക്കുന്ന ഘനം നവാംബുവാൽ
സമൃദ്ധിയാൽ സജ്ജനമൂറ്റമാർന്നിടാ
പരോപകാരിക്കിതു താൻ സ്വഭാവമാം"

*- കാളിദാസൻ (ആറ്റൂർ കൃഷ്ണപിഷാരടിയുടെ പരിഭാഷ)*

കായ്കൾ നിറയുന്ന കാലത്ത് മരങ്ങൾ തലകുനിക്കുന്നു. നീരാവി നിറയുമ്പോൾ മേഘങ്ങൾ കുനിയുന്നു. സമൃദ്ധിയിൽ സജ്ജനങ്ങൾ ഊറ്റം കൊള്ളുകയില്ല. പരോപകാരമാണ് പ്രകൃതി നമ്മെ പഠിപ്പിക്കുന്നത്.

"ഇറുപ്പവന്നും മലർ ഗന്ധമേകും;
വെട്ടുന്നവന്നും തരു ചൂടകറ്റും
ഹനിപ്പവന്നും കിളി പാട്ടുപാടും
പരോപകാരപ്രവണം പ്രപഞ്ചം"

*- സുഖം സുഖം (ഉള്ളൂർ)*

ആർദ്രയാണ് പ്രകൃതി. തലയിൽ സൂര്യതാപം ഏറ്റുവാങ്ങി ചുവട്ടിലിരിക്കുന്നവർക്ക് തണൽ നൽകുകയാണ് മരങ്ങൾ.

"ഇനന്റെ ചെന്തീക്കതിർമാരി നിത്യ-
മിടംപെടും തൻ തലകൊണ്ടുതാങ്ങി
നമ്മൾക്കു പച്ചക്കുടയും പിടിച്ചു
തേന്മാവതാ; ദീനദയാലുനിൽപ്പൂ"

*- സുഖം സുഖം (ഉള്ളൂർ)*

രാമരാവണയുദ്ധം കഴിഞ്ഞ് അയോധ്യയിലേക്ക് പോകുംവഴി ശ്രീരാമൻ ഭരദ്വാജന്റെ ആശ്രമത്തിൽ ചെന്നു. ഭരദ്വാജ മഹർഷിക്കറിയാം ശ്രീരാമന് അപ്രാപ്യമായി ഒന്നുമില്ലെന്ന്. എന്നിട്ടും സ്നേഹപുരസ്സരം ഒരു വരം ചോദിക്കാൻ ആവശ്യപ്പെട്ടു. ശ്രീരാമൻ

ചോദിച്ച വരം “ഞാൻ അയോധ്യയിലേക്ക് പോകുന്ന വഴികളിൽ പൂമരങ്ങളുണ്ടാകട്ടെ. അകാലത്താണെങ്കിലും കായ്കൾ ഉണ്ടാകട്ടെ” എന്നായിരുന്നു.

പ്രകൃതിയും മനുഷ്യനും ഒരേ ആത്മചൈതന്യത്തിൽ വർത്തിക്കുന്നതാണെന്ന് കാണിക്കുന്ന നിരവധി കഥകളും കാവ്യങ്ങളും നാടകങ്ങളുമെല്ലാം ഭാരതത്തിൽ ഉണ്ടായിട്ടുണ്ട്. ശാകുന്തളത്തിൽ ശകുന്തള, വനജ്യോത്സ്ന, ദീർഘാപാംഗൻ, ഗർഭിണിയായ മാൻപേട എന്നിവർ തമ്മിലുള്ള ബന്ധവും കണ്വമുനിയുടെ കാഴ്ചപ്പാടും ഉദാഹരണമാണ്. രഘുവംശത്തിൽ ദിലീപ മഹാരാജാവ് തൈർക്കുടങ്ങളും തലയിലേറ്റിപ്പോകുന്ന ഗ്രാമവൃദ്ധന്മാരോട് ഓരോ മരത്തിന്റെയും പേര് ചോദിച്ചറിയുന്നുണ്ട്. വൃക്ഷങ്ങളെക്കുറിച്ച് ശാർങ്ഗധരൻ എഴുതിയ വൃക്ഷായുർവേദത്തിൽ പത്ത് പുത്രന്മാർക്ക് തുല്യമാണ് ഒരു വൃക്ഷം എന്ന് പറയുന്നു. മുപ്പതു കോടി വൃക്ഷങ്ങൾ നട്ട വാങ്കാരിമാതയുടെയും മരം മുറിക്കലിനെതിരേ ഒരു വർഷത്തോളം മരത്തിലിരുന്ന് സമരം ചെയ്ത ജൂലിയ ബട്ടർ ഫ്ളൈഹില്ലിന്റെയും കഥകളും കേരളത്തിൽ അട്ടപ്പാടിയിലെ ഒരു വലിയ മൊട്ടക്കുന്ന് മരങ്ങൾ നട്ടുപിടിപ്പിച്ച് ‘കൃഷ്ണവന’മാക്കിയ സാമൂഹികപ്രവർത്തകരുടെ അനുഭവവും നമ്മുടെ മുന്നിലുണ്ട്.

വിശ്വത്തിൽനിന്ന് നാം പഠിക്കുന്നതാണ് മാനവീയമൂല്യങ്ങൾക്ക് ആധാരം. സ്നേഹം, കാരുണ്യം, ദയ, പാരമ്പര്യം, തന്നടക്കം, ശാന്തി, നിരീക്ഷണപാടവം, വിശകലനാത്മകത, ഭാവന എന്നിവയെല്ലാം വിശ്വജീവിതത്തിലൂടെ നാം നേടിയെടുക്കുന്ന ചിരന്തനമായ മൂല്യങ്ങളാണ്. അങ്ങേയറ്റം മാനുഷികമാവുമ്പോഴാണ് മനുഷ്യന് പ്രകൃതിയോടൊപ്പം നിൽക്കാൻ കഴിയുക. ഗാന്ധിജി മഹാത്മാവാകുന്നത് പ്രകൃതിയോടും ജീവജാലങ്ങളോടും സർവോപരി മനുഷ്യനോടുമുള്ള കരുണയുടെയും സ്നേഹത്തിന്റെയും മൂർത്തിയായി മാറുമ്പോഴാണ്.

വിശ്വത്തെ ഏറ്റവും വലിയ പാഠശാലയായി കാണുമ്പോൾ പുഴകളും വനങ്ങളും കുന്നുകളും ചെടികളും പൂക്കളും കടലുമെല്ലാം അതിന്റെ സൂക്ഷ്മഭാവത്തിൽത്തന്നെ നിലനിൽക്കേണ്ടതിന്റെ ആവശ്യകത നമുക്ക് ബോധ്യമാവും. സ്നേഹവും കാരുണ്യവും നഷ്ടപ്പെട്ട ഒരു ലോകം സംഘർഷങ്ങളുടേതും യുദ്ധങ്ങളുടേതുമായിരിക്കും. അവിടെ മനുഷ്യൻ ഒരു ക്രൂരൻ മാത്രമായി മാറും. ഇത്തരത്തിൽ പ്രകൃതിയെ ഒരു വലിയ പാഠശാലയായി കണ്ട് അതിന്റെ എല്ലാ സവിശേഷതകളും നിലനിർത്താനുള്ള നിരന്തരസമരങ്ങൾ ഓരോ മനുഷ്യനും തന്നിൽനിന്നുതന്നെ തുടങ്ങേണ്ടതാണ്.

ശാന്തമായ മനസ്സിന് കൂട്ടാണ് എന്നും പ്രകൃതി. അതുകൊണ്ടാണ് പ്രകൃതിയാണ് ഏറ്റവും വലിയ പാഠപുസ്തകം എന്ന് ജവഹർലാൽ നെഹ്റു എഴുതിയത്. വിശ്വമഹാകവി ടാഗോറിന്റെ ‘വൃക്ഷത്തെ സ്നേഹിച്ച ബാലൻ’ എന്ന കഥയും സുഗതകുമാരിയുടെ ‘കിളിനോട്ടം’ എന്ന കത്തും ഒളപ്പമണ്ണയുടെ ‘വിശ്വവിദ്യാലയം’ എന്ന കവിതയും ലോകമാണ് വിദ്യാലയം എന്നു നമ്മെ പഠിപ്പിക്കുന്നു.

# അധ്യായവിശകലനം

| ആശയം/ധാരണ | പ്രവർത്തനങ്ങൾ | പഠന തെളിവുകൾ | ഭാഷാ വസ്തുതകൾ | വിലയിരുത്തൽ |
|---|---|---|---|---|
| * കോടാനുകോടി ജീവജാലങ്ങൾ കൂടിച്ചേർന്നതാണ് പ്രകൃതി.<br>* പ്രകൃതിയെ സംരക്ഷിക്കേണ്ടത് ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.<br>* പ്രകൃതി വലിയൊരു പാഠശാലയാണ്. ഓരോന്നും നമ്മെ പലതും പഠിപ്പിക്കുന്നുണ്ട്.<br>* പ്രകൃതിസൗന്ദര്യം ആവിഷ്കരിക്കുന്ന കഥ, കവിത, ലേഖനം തുടങ്ങിയ സാഹിത്യരൂപങ്ങൾ ഭാഷയിലുണ്ട്.<br>* കഥാപാത്രനിരൂപണം തയാറാക്കുമ്പോൾ കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ, കഥയിലെ സ്ഥാനം, മറ്റ് കഥാപാത്രങ്ങളോടുള്ള ഇടപെടൽ തുടങ്ങിയവ പരിഗണിക്കേണ്ടതാണ്.<br>* ഒരു കഥയെ നാടകമാക്കുമ്പോൾ അതിലെ നാടകീയമുഹൂർത്തങ്ങൾ കണ്ടെത്തുകയും നാടകീയത മുറ്റിനിൽക്കുന്ന സംഭാഷണങ്ങളിലൂടെ കഥാതന്തു വികസിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.<br>* വിശേഷണങ്ങൾ ചേർത്ത നാമപദങ്ങൾ ഭാഷയുടെ സൗന്ദര്യം, അർഥവ്യക്തത എന്നിവ വർധിപ്പിക്കുന്നു. | * പ്രകൃതിസ്നേഹത്തിന്റെ സന്ദേശം ഉൾക്കൊള്ളുന്ന ചിത്രങ്ങൾ, കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവ വായിച്ച് ആസ്വദിക്കുകയും അനുഭവക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, അഭിപ്രായക്കുറിപ്പ്, പ്രസംഗം, ഉപന്യാസം തുടങ്ങിയവ തയാറാക്കുകയും ചെയ്യുന്നു.<br>* പ്രകൃതിസൗന്ദര്യം പ്രതിപാദിക്കുന്ന കൃതികളിലെ വർണനകൾ കണ്ടെത്തി സവിശേഷതകൾ തിരിച്ചറിയുന്നു. | * കഥാപാത്ര നിരൂപണം<br>* നാടകം<br>* കത്ത്<br>* വർണന<br>* അനുഭവക്കുറിപ്പ്<br>* ആസ്വാദന ക്കുറിപ്പ്<br>* അഭിപ്രായ ക്കുറിപ്പ്<br>* ഉപന്യാസം<br>* പ്രസംഗം | * വിശേഷണങ്ങൾ ചേർത്ത പദച്ചേരുവകൾ | * <u>പ്രക്രിയാഘട്ടങ്ങൾ</u><br>-വായന<br>-പങ്കാളിത്തം<br>-പ്രകടനം<br>* <u>പോർട്ട്ഫോളിയോ</u><br>-എല്ലാ പഠനോൽപ്പന്നങ്ങളും |

## പ്രവേശകപ്രവർത്തനം

പ്രശസ്ത ഫ്രഞ്ച്എഴുത്തുകാരനായ ജീൻ ഗിയാനോവിന്റെ 'മരങ്ങൾ നട്ട മനുഷ്യൻ' എന്ന പുസ്തകത്തിന്റെ കവർ പേജാണ്.പാഠപുസ്തകത്തിൽ കൊടുത്തിട്ടുള്ള ചിത്രം. വരണ്ടുണങ്ങി മരുപ്പറമ്പായിരുന്ന ഒരു നാടിനെ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് പ്രകൃതി രമണീയമാക്കിമാറ്റിയ ഒരു മനുഷ്യന്റെ കഥയാണ് ഇതിലുള്ളത്.

### ചിത്രവായന

പാഠപുസ്തകത്തിലെ ചിത്രം കുട്ടികൾ സൂക്ഷ്മമായി നിരീക്ഷിക്കണം.

വ്യത്യസ്ത ചിന്തയിലേക്ക് നയിക്കാനാവശ്യമായ ചില ചോദ്യങ്ങൾ നൽകാം.

- ചിത്രത്തിൽ കാണുന്നതെന്തെല്ലാം?
- ഇതിലെ മനുഷ്യൻ എന്തായിരിക്കും ചെയ്യുന്നത്?
- മറ്റെന്തെല്ലാം കാര്യങ്ങൾ അദ്ദേഹം ചെയ്തിട്ടുണ്ടാവും?
- ആരെങ്കിലും അദ്ദേഹത്തെ സഹായിച്ചിട്ടുണ്ടാവുമോ?
- അദ്ദേഹത്തിന്റെ പ്രവൃത്തിമൂലം ആ നാടിന് എന്തെല്ലാം ഗുണങ്ങൾ ഉണ്ടായിട്ടുണ്ടാവും?

- ☐ കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ.
- ☐ തുടർന്ന് ഈ പുസ്തകത്തിന്റെ കാർട്ടൂൺ ഫിലിം/വായനസാമഗ്രി പരിചയപ്പെടാൻ അവസരം.
- ☐ വായനസാമഗ്രി ഗ്രൂപ്പിൽ വിതരണം ചെയ്യുകയോ ഒരു കുട്ടിയെക്കൊണ്ട് വായിപ്പിക്കുകയോ ചാർട്ടിലെഴുതി പ്രദർശിപ്പിക്കുകയോ ആവാം.

### മരങ്ങൾ നട്ട മനുഷ്യൻ

ആ പ്രദേശം മുഴുവൻ എട്ടുകൊല്ലംകൊണ്ട് പച്ചപിടിച്ച് അഭിവൃദ്ധിപ്പെട്ടു. 1913 ൽ കണ്ട വരണ്ടുണങ്ങിയ ഇടങ്ങളിൽ മോടിയിൽ കുമ്മായമിട്ട ഫ്ളാറ്റുകൾ. മഴയും മറ്റും പരിപാലിക്കുന്ന കാട്ടിൽ പഴയ ഉറവകൾ വീണ്ടും ഒഴുകാൻ തുടങ്ങി. സാവയിലെ വെള്ളം ചാലു കീറി തിരിച്ചുവിട്ടിരിക്കുന്നു. ഓരോ ഫാമിലും ഉറവകൾ തീർത്ത കുളങ്ങളിൽനിന്നു വെള്ളം കർപ്പൂരതുളസിയുടെ പരവതാനികളിലേക്കു കവിഞ്ഞൊഴുകുന്നു.

ആൽപ്സ് പർവതത്തിന്റെ താഴ്വാരത്തിലെ വരണ്ടുണങ്ങിയ മരുപ്രദേശം ആട്ടിടയനായ എൽസിയാഡ് ബോഫിയർ എന്ന ഒരു മനുഷ്യൻ സ്വയം വിത്തുനട്ട് കാടാക്കി മാറ്റി. അദ്ദേഹത്തെക്കുറിച്ചാണ് ഫ്രഞ്ച് സാഹിത്യകാരനായ ജീൻ ഗിയാനോ 'മരങ്ങൾ നട്ട മനുഷ്യൻ' എന്ന കൃതി രചിച്ചത്.

## വ്യക്തിഗതമായ കഥ അവതരിപ്പിക്കൽ

- ❋ ഇതുപോലുള്ള മറ്റാരെയെങ്കിലും നിങ്ങൾക്കറിയാമോ?
- ❋ വായിച്ചതോ കേട്ടറിഞ്ഞതോ ആയ ഒരാളെക്കുറിച്ച് ഓർത്തുനോക്കൂ.
  - ♦ അയാളുടെ പേര്, നാട്.
  - ♦ അദ്ദേഹത്തിന്റെ പ്രവൃത്തിമൂലം നാട്ടിനുണ്ടായ മാറ്റങ്ങൾ.
  - ♦ അയാളെ സഹായിച്ചവർ.

- ☐ ഇത്തരം ലഘുചോദ്യങ്ങളിലൂടെ മുമ്പ് കേട്ടതോ കണ്ടതോ വായിച്ചതോ ആയ ഏതെങ്കിലും ഓർമ്മകളിലേക്കു നയിക്കുകയും ഒരു കഥയായി കുറിക്കാൻ നിർദേശിക്കുകയും ചെയ്യുന്നു.
- ☐ ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.
- ☐ ഏതെങ്കിലും ഗ്രൂപ്പിൽ കുട്ടികൾക്ക് ഏറ്റെടുക്കാൻ പ്രയാസമുണ്ടെങ്കിൽ വായനാ മെറ്റീരിയലുകളിലൂടെയോ അധ്യാപികയുടെ ഇടപെടലിലൂടെയോ സഹായം നൽകണം.

**വായനയ്ക്ക്**

### ജൂലിയ- മരത്തെ രക്ഷിച്ച പെൺകുട്ടി

കാലഫോർണിയയിൽ 1800 വർഷം പഴക്കമുള്ള ഒരു മരമുത്തശ്ശി ഉണ്ടായിരുന്നു. 200 അടി ഉയരവും 14 അടി വ്യാസവും ഉള്ള ഈ മരം മുറിച്ചുമാറ്റാൻ അവിടത്തെ ഒരു മരക്കമ്പനി തീരുമാനിച്ചു. ഇതിനെതിരേ ശക്തമായ സമരം ചെയ്ത പെൺകുട്ടിയാണ് ജൂലിയ. 1997 ഡിസംബർ 10 മുതൽ 1999 ഡിസംബർ 18 വരെ രണ്ടു വർഷക്കാലം മരത്തിൽ സമരപ്പന്തൽ കെട്ടി സമരം ചെയ്തു. ഹെലികോപ്റ്റർ താഴ്ത്തി പറത്തി, ശക്തമായ ലൈറ്റടിച്ചും മറ്റും മരക്കമ്പനിക്കാർ ജൂലിയുടെ സമരത്തെ ശക്തമായി നേരിട്ടു. ശക്തമായ മഞ്ഞുവീഴ്ച, മഴ തുടങ്ങിയ പ്രതികൂലകാലാവസ്ഥയെപ്പോലും അതിജീവിച്ച ജൂലിയ ഒടുവിൽ വിജയിക്കുകയും മരമുത്തശ്ശിയെ രക്ഷപ്പെടുത്തുകയും ചെയ്തു.

** സുഗതകുമാരിയുടെ 'അട്ടപ്പാടിയിൽ കൃഷ്ണവനം' എന്ന ലേഖനം (അനുബന്ധം-1) ഉപയോഗിക്കാം.*

- ☐ ഗ്രൂപ്പിൽനിന്ന് ഒന്നോ രണ്ടോ പേർക്ക് കഥ (മികച്ചത്) പറയാൻ അവസരം.
- ☐ തുടർന്ന് വീട്ടുവളപ്പിൽ എന്നെങ്കിലും ഒരു ചെടി നട്ട അനുഭവത്തിലേക്കു നയിക്കാം.
  - ♦ വൃക്ഷത്തൈ നട്ടതെവിടെ?
  - ♦ അതിനെ എങ്ങനെയെല്ലാം പരിപാലിച്ചു?
  - ♦ ഇപ്പോഴും അതുണ്ടോ?
  - ♦ വലിയ മരമായോ?
  - ♦ കായ്ഫലം ലഭിച്ചോ?
  - ♦ നിങ്ങൾ എന്നും അതിന്റെ അടുത്ത് പോകാറുണ്ടോ?

# 5.1.1 വൃക്ഷത്തെ സ്നേഹിച്ച ബാലൻ

പ്രകൃതിയെ ആരാധനയോടെ നോക്കിക്കണ്ട വിശ്വമഹാകവിയാണ് രവീന്ദ്രനാഥ ടാഗോർ. സംഗീതജ്ഞനും കവിയും കഥാകാരനും നാടകകൃത്തും ചിത്രകാരനും വിദ്യാഭ്യാസവിചക്ഷണനും ഒക്കെയായ ടാഗോറിന്റെ ശ്രദ്ധേയമായ കഥയാണ് 'വൃക്ഷത്തെ സ്നേഹിച്ച ബാലൻ'. കുട്ടിക്കാലം മുതലേ വൃക്ഷത്തെ സ്നേഹിച്ച ആ ബാലന് സിംലയിലേക്ക് പോവേണ്ടി വന്നു. വളരെക്കാലം കഴിഞ്ഞിട്ടും തന്റെ വൃക്ഷത്തെ അവൻ മറക്കുന്നില്ല. പിന്നീട് വല്യമ്മയോട് ഇലവുമരത്തിന്റെ ഫോട്ടോ എടുത്ത് അയച്ചു തരണമെന്ന് അവൻ ആവശ്യപ്പെടുന്നു.

പ്രകൃതിയെ സ്നേഹിക്കുന്നവർ എവിടെയായാലും ആ സ്നേഹം തുടരും എന്ന് കഥാകൃത്ത് ഭംഗ്യന്തരേണ ഈ കഥയിലൂടെ നമ്മോട് പറയുന്നു. മരങ്ങളോടുള്ള സ്നേഹം ബാലചന്ദ്രന് കേവലം കുട്ടിക്കളിയല്ല. അമ്മ നഷ്ടപ്പെട്ട ആ കുട്ടിയുടെ അമ്മ തന്നെയാണാ മരം എന്നു നമുക്കു തോന്നും. ജന്മാന്തരങ്ങളോളം നീണ്ടു നിൽക്കുന്ന വികാരവായ്പാണ് ആ സ്നേഹം എന്നു പറയുന്നതിലൂടെ ഒരു യഥാർഥ പ്രകൃതിസ്നേഹിയുടെ മനസ്സ് തുറന്നു കാട്ടുകയാണ് ടാഗോർ.

## പ്രവർത്തനത്തിലൂടെ

- 'വൃക്ഷത്തെ സ്നേഹിച്ച ബാലൻ' എന്ന കഥയുടെ വായന (കുട്ടികൾ വ്യക്തിഗതമായി കഥ വായിക്കട്ടെ).
- ലഘുചർച്ച
  - കഥയിൽ ആരെയാണ് നിങ്ങൾ കൂടുതൽ ഇഷ്ടപ്പെട്ടത്?
  - മനസ്സിനെ സ്പർശിച്ച ഭാഗമേത്?
  - ബാലചന്ദ്രനും വൃക്ഷവും തമ്മിലുള്ള ബന്ധം എങ്ങനെയാണ്? ഇതുപോലെ നമുക്ക് സാധിക്കാറുണ്ടോ?
- തുടങ്ങിയ ചോദ്യങ്ങളിലൂടെ സ്വതന്ത്ര പ്രതികരണത്തിനവസരം നൽകുന്നു.
- തുടർന്ന് കഥ വായിച്ച് അവതരണത്തിന് അവസരം നൽകാം.

*ഗ്രൂപ്പിൽ വായിക്കുമ്പോൾ നിരീക്ഷിക്കുന്നു. വായനയ്ക്ക് വൈഷമ്യം നേരിടുന്ന കുട്ടികളുടെ പേരുകൾ വിലയിരുത്തൽപേജിൽ രേഖപ്പെടുത്തുന്നു.*

## കഥയരങ്ങ്

* ഈ കഥ ക്ലാസിൽ വായിച്ചവതരിപ്പിക്കുകയാണെങ്കിൽ എന്തെല്ലാം ശ്രദ്ധിക്കണം?
* കുട്ടികളുടെ പ്രതികരണം ഇങ്ങനെയാവാം.
  - ഉറക്കെ വായിക്കും.
  - ഭാവാത്മകമായി വായിക്കും.
  - നിർത്തി നിർത്തി വായിക്കും.
  - അക്ഷരസ്ഫുടത ശ്രദ്ധിക്കും.
  - സംഭാഷണഭാഗങ്ങൾ അവതരിപ്പിക്കുമ്പോൾ ശ്രദ്ധിക്കും.

*ഗ്രൂപ്പ് അവതരണം നിരീക്ഷിക്കുന്നു. ലേഖനപ്രവർത്തനത്തിൽ പ്രയാസം നേരിടുന്നവരെ കണ്ടെത്തുന്നു. ആവശ്യമെങ്കിൽ തുടർപ്രവർത്തനം നൽകുന്നു.*

- അടിസ്ഥാന ഗ്രൂപ്പിൽ എല്ലാ കുട്ടികൾക്കും കഥ വായിക്കാൻ അവസരം നൽകുന്നു. ഗ്രൂപ്പിൽ മികച്ച വായനക്കാരനെ കണ്ടെത്താനും നിർദേശിക്കുന്നു. ഈ സമയത്ത് ക്ലാസിന്റെ മുൻഭാഗത്ത ബെഞ്ചുകൾ ക്രമീകരിക്കുന്നു.
- കഥാവായനയെ തുടർന്ന് മികച്ച രീതിയിൽ വായിച്ച ഗ്രൂപ്പിലെ ഒരു കുട്ടി വീതം പ്രത്യേക തയാറാക്കിയ ഇരിപ്പിടത്തിൽ ഇരിക്കുന്നു.
- കഥയെ തുല്യഭാഗങ്ങളായി വീതിച്ചു നൽകുന്നു.
- കുട്ടികൾ കഥ വായിച്ച് അവതരിപ്പിക്കുന്നു. →

*ഈ സമയത്ത് അവതരണത്തിന്റെ മേന്മകളും കുറവുകളും കണ്ടെത്തി വിലയിരുത്തൽപേജിൽ രേഖപ്പെടുത്തുന്നു. വായനയിൽ വൈഷമ്യമുണ്ടെങ്കിൽ അക്കാര്യവും എഴുതണം.*

- പൊതുചർച്ച
  * ആരുടെ അവതരണമാണു നന്നായി തോന്നിയത്? എന്തുകൊണ്ട്?
  * ഇനിയും കൂടുതലായി ശ്രദ്ധിക്കേണ്ടത് എന്തെല്ലാം?
    - ശബ്ദക്രമീകരണം
    - ഭാവാത്മകത
    - സംഭാഷണ ഭാഗങ്ങളുടെ അവതരണം.
    - സ്ഫുടത

*കുട്ടികൾ പറയാത്തവ അധ്യാപിക ബോർഡിൽ കുറിക്കണം. ആവശ്യമെങ്കിൽ ചിലത് വായിച്ച് അവതരിപ്പിക്കണം.*

## വായിക്കാം കണ്ടെത്താം

പാഠഭാഗത്തിനൊടുവിൽ കൊടുത്ത ചോദ്യങ്ങൾ അധ്യാപിക ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു.

* ചോദ്യവായന (വ്യക്തിഗതം)
* പാഠഭാഗം വീണ്ടും വായന.

* ഉത്തരം കണ്ടെത്തുന്നു.
* 'എന്റെ ഭാഷാപുസ്തക'ത്തിൽ കുറിക്കുന്നു.

ചില ചോദ്യങ്ങൾക്ക് വ്യക്തത ആവശ്യമെങ്കിൽ ലഘുചോദ്യങ്ങളിലൂടെയും സൂചനകളിലൂടെയും പിന്തുണ നൽകണം.

ഉദാ : ഇലവുമരം മുളപൊട്ടി വളരുന്നതിന്റെ ആനന്ദം ബാലചന്ദ്രൻ ആസ്വദിക്കുന്നത്.

- പാഠഭാഗം വായന – സവിശേഷപ്രയോഗങ്ങൾ കണ്ടെത്തൽ.

| | |
|---|---|
| *മുളപൊട്ടുന്നത്* | ഏതോ ഒരു ശാസ്ത്രതത്ത്വം കണ്ടുപിടിക്കാൻ ശ്രമിക്കുമ്പോലെ. |
| *ഇലകൾ വരുന്നത്* | കുട്ടികൾ സംസാരിച്ചു തുടങ്ങുമ്പോൾ അമ്മമാർക്കുണ്ടാവുന്ന സന്തോഷം. |
| *ശാഖകൾ വികസിക്കുന്നത്* | കുട്ടിയുടെ ബുദ്ധി വികസിക്കുന്നതു കണ്ട് അമ്മ ആശ്ചര്യപ്പെടുന്നതുപോലെ. |

* ഒരു ചെടി മുളയ്ക്കുന്നതും വളരുന്നതും ഇത്തരം പ്രയോഗങ്ങളിലൂടെ അവതരിപ്പിക്കുമ്പോൾ കൂടുതലായി നമുക്കെന്തെല്ലാം കാര്യങ്ങൾ ലഭിക്കുന്നു?

*പ്രതീക്ഷിക്കേണ്ടത്*

- കൗതുകം
- ആനന്ദം
- സൂക്ഷ്മനിരീക്ഷണം
- ആശ്ചര്യം
- ദൃശ്യഭംഗി

ഇവയുടെ ആഴത്തിലുള്ള വായന, ആശയങ്ങൾ മനസ്സിൽ പതിയാൻ സഹായിക്കുന്നു.

- 'എന്റെ ഭാഷാപുസ്തക'ത്തിൽ രേഖപ്പെടുത്തിയത് ഗ്രൂപ്പിൽ വായിച്ചവതരിപ്പിക്കൽ.
- മെച്ചപ്പെടുത്തൽ
- പൊതു അവതരണം
- കൂട്ടിച്ചേർക്കൽ

## കഥാപാത്രനിരൂപണം തയാറാക്കൽ

ചർച്ച

ചർച്ചാ ചോദ്യങ്ങൾ →

? കഥയിലെ ഏതു കഥാപാത്രത്തെയാണ് കൂടുതൽ ഇഷ്ടമായത്?

? ബാലചന്ദ്രനെ നിങ്ങൾ ഇഷ്ടപ്പെടാനുള്ള കാരണങ്ങൾ എന്തെല്ലാം?

- വല്യച്ഛനോടും വല്യമ്മയോടും സ്നേഹത്തോടെയും ബഹുമാനത്തോടെയും പെരുമാറുന്നു.
- മരത്തെ ജീവനുതുല്യം സ്നേഹിക്കുന്നു.
- നാടുവിട്ടുപോയപ്പോഴും അതേ ബന്ധം തുടരുന്നു.

**മനോപടം തയാറാക്കൽ**

- തുടർന്ന് മനോപടം തയാറാക്കാൻ അവസരം നൽകണം (വ്യക്തിഗതം).
- പാഠപുസ്തകത്തിൽ കൊടുത്ത ചിത്രം ബോർഡിൽ വലുതാക്കി വരയ്ക്കുന്നു.
- കുട്ടി നോട്ട്പുസ്തകത്തിലും വരയ്ക്കട്ടെ.
- ഓരോ കളത്തിലും കുട്ടി എന്താണ് എഴുതേണ്ടത് എന്നു വ്യക്തമായ നിർദേശം നൽകണം.



## മനോപടം എന്ത്? എന്തിന്?

ക്ലാസ്മുറിയിൽ കഥാപാത്രനിരൂപണം, ആസ്വാദനക്കുറിപ്പ് തുടങ്ങിയ വ്യവഹാരരൂപങ്ങൾ സാധാരണമായി രൂപപ്പെടാറുണ്ട്. ഒരു പ്രക്രിയയുടെ ഭാഗമായി കഥ, കവിത തുടങ്ങിയ സാഹിത്യരൂപങ്ങൾ കുട്ടി വായിച്ച് മനസ്സിലാക്കുന്നു. അതുവഴി ലഭിക്കുന്ന ആസ്വാദനം, സ്വന്തം നിരീക്ഷണങ്ങൾ, അഭിപ്രായങ്ങൾ, താരതമ്യങ്ങൾ, നിലപാടുകൾ തുടങ്ങിയവ നേരത്തേ ആർജിച്ച അനുഭവങ്ങളുമായി കുട്ടി തട്ടിച്ചുനോക്കുന്നു. രചനാപ്രവർത്തനത്തിനു തൊട്ടുമുമ്പ് രൂപപ്പെടുത്തിയ മനോചിത്രങ്ങളെ ക്രമപ്പെടുത്തുന്ന പ്രവർത്തനമാണ് മനോപടം.

സ്വയം വിലയിരുത്തലിനും അതുവഴി മെച്ചപ്പെടുന്നതിനും കുട്ടിയെ ഈ പ്രവർത്തനം ഏറെ സഹായിക്കുന്നു.

- നിർദേശത്തിനനുസരിച്ച് കുട്ടികൾ മനോപടം വികസിപ്പിക്കുന്നു.
- രണ്ടുപേരുടെ ഗ്രൂപ്പിൽ വായിച്ച് ആവശ്യമായവ കൂട്ടിച്ചേർക്കൽ.
- കഥാപാത്രനിരൂപണം (വ്യക്തിഗതരചന)
- ഏതാനും പേരുടെ അവതരണം.
- കഥാപാത്രനിരൂപണത്തിൽ എന്തെല്ലാം?

### ചർച്ച

- കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ ഉണ്ടാവണം.
- കഥാപാത്രം ഏറ്റെടുക്കുന്ന നല്ല പ്രവർത്തനങ്ങൾ.
- കഥാപാത്രത്തിന്റെ സ്ഥാനം.
- വായനയിലേക്കു നയിക്കുന്ന ഭാഷ.
    - ഉചിതപദങ്ങൾ
    - വാക്യങ്ങൾ, പ്രയോഗങ്ങൾ
    - ഉദ്ധരണികൾ

- സൂചകങ്ങൾവച്ച് പരസ്പരം രചന പരിശോധിക്കൽ.
- മെച്ചപ്പെടുത്തൽ
- മെച്ചപ്പെടുത്തി എഴുതിയത് പോർട്ട്ഫോളിയോയിലേക്ക്

*പോർട്ട്ഫോളിയോ രചന പരിശോധിച്ച് നിർദേശം കുറിക്കണം.*

## അവർ പറഞ്ഞതുപോലെ നിങ്ങൾക്കും പറയാമോ?

കുട്ടികളുടെ അഭിനയസാധ്യതയെ പ്രോത്സാഹിപ്പിക്കാനുള്ള ഒരു പ്രവർത്തനമാണ് ഇത്. നേരത്തേ നടത്തിയ കഥാവതരണവുമായി ഇതിനെ ബന്ധിപ്പിക്കാവുന്നതാണ്. കഥയിലെ പ്രസക്ത സംഭാഷണഭാഗങ്ങൾ ആ കഥാപാത്രങ്ങളായി മാറി അവതരിപ്പിക്കുകയാണ് ഉദ്ദേശിക്കുന്നത്. പ്രവർത്തന ഭാഗത്തു നൽകിയ സംഭാഷണ ശകലങ്ങൾ ഗ്രൂപ്പിൽ അവതരിപ്പിക്കട്ടെ. നല്ല പ്രകടനം കാഴ്ചവച്ച കുട്ടികളെ കണ്ടെത്തി (ഓരോ ഗ്രൂപ്പിൽ നിന്നും) പൊതു അവതരണം നടത്തണം.

## നാടകീകരണത്തിലേക്ക്

- സംഭാഷണാവതരണത്തിനുശേഷം ഈ കഥ നാടകമാക്കിയാലോ എന്ന ചോദ്യത്തിലൂടെ നാടകത്തിലേക്ക് കുട്ടികളെ നയിക്കണം.

ചർച്ച → ചർച്ചാ ചോദ്യങ്ങൾ

? ഒരു കഥ നാടകമാക്കുമ്പോൾ എന്തെല്ലാം ശ്രദ്ധിക്കണം?

- കഥാവായന
- കഥയിലെ പ്രധാന മുഹൂർത്തങ്ങൾ കണ്ടെത്തൽ.
- സംഭാഷണരൂപത്തിലാക്കി മാറ്റൽ.
- രംഗങ്ങളാക്കി മാറ്റൽ.

? എങ്ങനെ അവതരിപ്പിക്കും?

- കഥാപാത്രങ്ങളെ നിശ്ചയിക്കണം.
- വേഷം, മേക്കപ്പ്
- രംഗസജ്ജീകരണം
- സംവിധായകൻ ആരെന്ന് തീരുമാനിക്കൽ.

- ചർച്ചയെ തുടർന്ന് തയാറെടുപ്പുകൾക്കു സമയം നൽകുന്നു. (ഗ്രൂപ്പിൽ)
- അവതരണം
- പൊതുചർച്ച

മികവുകൾ
ഇനിയുമെന്തെല്ലാം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്?

- മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികളടങ്ങിയ ഒരു സംഘത്തിന് പരിശീലനം നൽകി സാഹിത്യ സമാജം/ പി.ടി.എ. തുടങ്ങിയവയിൽ അവതരിപ്പിക്കാൻ അവസരം നൽകൽ.

പ്രവർത്തന ഘട്ടങ്ങളിലുള്ള കുട്ടികളുടെ പങ്കാളിത്തവും പ്രകടനവും വിലയിരുത്തണം.

## വല്യമ്മയ്ക്കൊരു കത്ത്

- ചർച്ച
  - സിംലയിൽനിന്ന് ബാലചന്ദ്രൻ എഴുതിയ കത്തിൽ എന്തെല്ലാം ഉണ്ടായിരിക്കും?
    - ♦ ഏതാനും പേർ സ്വതന്ത്രമായി പ്രതികരിക്കുന്നു.
    - ♦ കുട്ടികൾ വ്യക്തിഗതമായി കത്ത് തയാറാക്കുന്നു.
    - ♦ ഏതാനും പേരുടെ അവതരണം.
    - ♦ പൊതുചർച്ച

      ഇനിയുമെന്തെല്ലാം?

*ഏതെല്ലാം തരം കത്തുകൾ?*

- ഔദ്യോഗികാവശ്യത്തിനുള്ള കത്തുകൾ.
- ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും എഴുതുന്നവ.
- ക്ഷണക്കത്തുകൾ

- ഈ കത്ത് ഏതു വിഭാഗത്തിൽപ്പെടുന്നു? എങ്ങനെ എഴുതും?
- ചർച്ചയിൽ വരേണ്ടതെന്തെല്ലാം?

**കത്ത്**

**ഉള്ളടക്കം**

എന്തൊക്കെ?

- ✳ വല്യച്ഛന്റെയും വല്യമ്മയുടെയും സുഖവിവരങ്ങൾ.
- ✳ അമ്മയില്ലാത്ത കുട്ടിയായതുകൊണ്ട് അമ്മ തന്നെയാകുന്നു വല്യമ്മ.
- ✳ കൂടുതൽ ഇഷ്ടം അവരോടായതുകൊണ്ട് എല്ലാം തുറന്നു പറയാനും ചോദിക്കാനുമുള്ള സ്വാതന്ത്ര്യം.

- ✳ ഇലവുമരത്തെ പ്പറ്റി
- ✳ മരത്തിന്റെ സുഖവിവരം
- ✳ വളർച്ച
- ✳ അതിൽ കൂടു കൂട്ടിയവർ.

മറ്റെന്തെല്ലാം?

- ✳
- ✳
- ✳
- ✳
- ✳

**ഘടന**

സ്ഥലം | തീയതി | അഭിസംബോധന | ഉപസംഹാരം | തുടക്കം | ഖണ്ഡികാകരണം (ആശയ ക്രമീകരണം)

**ഭാഷ**

ലളിതം | വൈകാരികമായി അടുപ്പമുള്ളത്. | ഉചിതപദങ്ങൾ | വാക്യങ്ങൾ

## കഥയ്ക്കപ്പുറത്തേക്ക്

- പുസ്തകമടച്ചുവച്ച് കഥയുടെ ഒരു ചർച്ച നയിക്കാം.
- ചർച്ചാചോദ്യങ്ങൾ
  - ♦ ഈ കഥയിലൂടെ കടന്നുവന്നപ്പോൾ മനസ്സിനെ ഏറ്റവും കൂടുതൽ വേദനിപ്പിച്ച സംഭവം ഏതാണ്?
    - ✳ ബാലചന്ദ്രൻ ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ട ആ മരം മുറിച്ചുമാറ്റിയത്.

- ♦ എന്തുകൊണ്ടായിരിക്കാം ബാലചന്ദ്രൻ ഈ മരത്തെ അത്രമേൽ ഇഷ്ടപ്പെട്ടത്?
  - ✳ കുട്ടിക്കാലം മുതലേയുള്ള ചങ്ങാത്തം.
  - ✳ തന്റെ ബാല്യം അവിടെ അവശേഷിക്കുന്നു എന്ന തോന്നൽ.
- ♦ കേവലം ഒരു മരം വെട്ടുന്നതിലപ്പുറം എന്തു വികാരമാണ് ഇത് നിങ്ങളിലുണ്ടാക്കിയത്?

ചർച്ചയിൽ വരേണ്ടത്

- ✳ വൃക്ഷങ്ങൾ നമ്മുടെ സഹോദരങ്ങളാണ്.
- ✳ അതിനെ സ്നേഹത്തോടെ പരിപാലിക്കേണ്ടതുണ്ട്.
- ✳ നാടുവിട്ടുപോയിട്ടും ബാലചന്ദ്രൻ ഇലവുമരവുമായുള്ള ബന്ധം നിലനിർത്തിയത് മാതൃകാപരമാണ്.
- ✳ പ്രകൃതിയെ സ്നേഹിക്കാൻ നാം പഠിക്കണം.
- ✳ പ്രകൃതിയുടെ ഭാഗമാണ് നാമെല്ലാം. അതിൽനിന്ന് ഒന്ന് നഷ്ടപ്പെടുമ്പോഴുള്ള വേദന.



### പദങ്ങൾ ചേരുമ്പോഴും പിരിയുമ്പോഴും

- ◻ ചില ഉദാഹരണങ്ങൾ :
  - ✳ എന്ത് + എങ്കിലും – ............................
  - ✳ ചൂണ്ടി + കാണിച്ചു – ................
  - ✳ നോക്കി + അപ്പോൾ – ............................
- ◻ ✳ വളരുന്നുവെന്ന് – ............... + ..........
  - ✳ കഴിയുന്നില്ല – ............. + .............
  - ✳ ഏതായാലും – ............... + ..........
  - ✳ ആയിത്തീർന്നു – ......... + .............
- ◻ കൂടുതൽ ഉദാഹരണങ്ങൾ പാഠഭാഗത്തുനിന്നു കണ്ടെത്തി നൽകാവുന്നതാണ്.

**ചർച്ച**

- ✳ പദങ്ങളെ വേർതിരിക്കുമ്പോൾ എന്തെല്ലാം മാറ്റങ്ങൾ?
  - – അക്ഷരത്തിൽ
  - – ചിഹ്നങ്ങളിൽ
  - – ശബ്ദങ്ങളിൽ
- ✳ ചേർത്തു പറയുമ്പോൾ വരുന്ന മാറ്റങ്ങൾ എന്തെല്ലാം?
  - – ഉച്ചാരണത്തിൽ
  - – അർഥത്തിൽ
  - – ഊന്നലിൽ

## 5.1.2 കിളിനോട്ടം

നിരീക്ഷണകുതുകികളാണ് കുഞ്ഞുങ്ങൾ. ഭൂമിയിലെ ഓരോ ജീവിയും അവരുടെ ജിജ്ഞാസയെ ഉണർത്തുകയും നിറങ്ങളാലും സ്വരങ്ങളാലും ചലനങ്ങളാലുമൊക്കെ സന്തോഷിപ്പിക്കുകയും ചെയ്യുന്നു. ഉറുമ്പുകളുടെയും പൂമ്പാറ്റകളുടെയും പക്ഷികളുടെയുംകൂടെ സഞ്ചരിക്കാത്ത കുട്ടികളാരും ഉണ്ടാവില്ല. ഓരോ ജീവിയും കുഞ്ഞുമനസ്സിൽ ഒരുപാട് സംശയങ്ങൾ ഉണർത്താറുണ്ട്. എന്തുകൊണ്ടാണ് ഉറുമ്പുകൾ വരിവരിയായി പോകുന്നത്? ഓന്തുകൾ നിറം മാറുന്നത്? മഴക്കാലത്ത് തവളകൾ കരയുന്നത്? ഇങ്ങനെ നിരവധി ചോദ്യങ്ങളുമായാണ് കുട്ടികൾ വളരുന്നത്. കൗതുകപൂർവം കണ്ട ഇത്തരം നല്ല അനുഭവങ്ങൾ ബാല്യത്തിന്റെ ചിത്രപുസ്തകത്തിൽ ഓരോരുത്തർക്കുമുണ്ടായിരിക്കും.

കുഞ്ഞിക്കാക്കയുടെ കൊക്കിൽ ഒരു ചുള്ളിക്കമ്പ്. എന്തിനാണ് കുഞ്ഞിക്കാക്കയ്ക്ക് ചുള്ളിക്കമ്പ്? കാക്കയുടെ പോക്കും വരവും ശ്രദ്ധിച്ചുകൊണ്ടിരുന്നു. പ്ലാവിന്റെ ഒരു

കൊമ്പിലേക്കാണ് കാക്കയുടെ യാത്ര. അവിടെ ഒട്ടേറെ ചുള്ളിക്കമ്പുകൾകൊണ്ട് ദിവസങ്ങളെടുത്ത് ഒരു കൂടുകെട്ടുകയാണ് കുഞ്ഞിക്കാക്ക. ഒരു ദിവസം വീടിന്റെ മട്ടുപ്പാവിൽനിന്ന് പ്ലാവിന്റെ കൊമ്പിലേക്ക് അവൻ എത്തിനോക്കി. 'ഹായ്' – കൂട്ടിൽ രണ്ടു മുട്ടകൾ, അവ വിരിയാൻ വച്ചതാണ്. ഒരു കാക്ക എപ്പോഴും അതിനടുത്ത് കാവലുണ്ട്. രണ്ടു കാക്കകളിൽ ഒന്ന് അച്ഛനും മറ്റൊന്ന് അമ്മയും ആയിരിക്കും എന്ന് അവൻ ഊഹിച്ചു.

ഇതുപോലെ മുട്ടകൾ വിരിയുന്നതും കാക്കക്കുഞ്ഞ് ചിറകടിക്കുന്നതുമെല്ലാം കുട്ടികൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടാവാം. കവയിത്രിയും പരിസ്ഥിതിപ്രവർത്തകയുമായ സുഗതകുമാരി ഒരു പക്ഷിനിരീക്ഷണാനുഭവം പങ്കിടുകയാണ് 'കിളിനോട്ടം' എന്ന കത്തിലൂടെ. നമ്മുടെ ഓരോ ദിനവും ആരംഭിക്കുന്നത് എത്രയോ കിളികളുടെ കളകളശബ്ദം കേട്ടുകൊണ്ടാണ്. പക്ഷേ, നാമത് ശ്രദ്ധിക്കുന്നില്ല എന്നുമാത്രം. എന്നാൽ നിരീക്ഷിക്കുന്നവർക്ക് ഏറെ കൗതുകകരമായ അനുഭവങ്ങളാണവ. കുട്ടിക്കാലത്ത് തിരുവനന്തപുരത്ത് വഴുതക്കാട്ടുള്ള പഴയ വീട്ടിൽ താമസിച്ചപ്പോഴുണ്ടായ അനുഭവങ്ങളാണ് സുഗതകുമാരി 'കിളിനോട്ട'ത്തിലൂടെ പങ്കിടുന്നത്. ഇരട്ടത്തലച്ചി എന്ന പക്ഷി മുട്ടയിടുന്നതും മുട്ട വിരിഞ്ഞ് കുഞ്ഞുങ്ങൾ പുറത്തു വരുന്നതും പറക്കാൻ പഠിക്കുന്നതും അവയ്ക്ക് തീറ്റ കൊടുക്കുന്നതുമെല്ലാം കവയിത്രി സൂക്ഷ്മമായി നിരീക്ഷിക്കുന്നു. കുറേക്കാലത്തിനുശേഷം അവ കൂടൊഴിഞ്ഞ് പോയപ്പോൾ തനിക്കുണ്ടായ വേദനയും അവർ നമ്മോട് പങ്കിടുന്നു.

## പ്രവർത്തനത്തിലൂടെ

'വൃക്ഷത്തെ സ്നേഹിച്ച ബാലൻ' എന്ന പാഠത്തിന്റെ ഒടുവിലത്തെ പ്രവർത്തനം പ്രകൃതിയെ നാം സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യണം എന്ന ആശയത്തിലാണ് അവസാനിച്ചത്.

- തുടർന്ന് ചിന്തോദ്ദീപകമായ ചോദ്യത്തിലൂടെ ഇതിലേക്ക് പ്രവേശിക്കണം.
  - ♦ വൃക്ഷങ്ങളെക്കൂടാതെ മറ്റാരെയെല്ലാം നമുക്കിതുപോലെ സ്നേഹിക്കാൻ സാധിക്കും? നമ്മളത് ചെയ്യാറുണ്ടോ?

    ✳ ചെടികളെ ✳ പൂക്കളെ ✳ പൂമ്പാറ്റകളെ ✳ കിളികളെ ✳ പുഴകളെ
  - ♦ 'കിളിനോട്ടം' എന്ന ഈ കത്തൊന്ന് വായിച്ചു നോക്കൂ. അവിടെ കൂടുതൽ എന്തെല്ലാം കാണാൻ സാധിക്കും?
- വ്യക്തിഗതമായി വായിക്കുന്നു (മൗനം).
- നേരത്തേ ഉന്നയിച്ച ചോദ്യത്തോട് പ്രതികരിക്കാൻ ഏതാനും പേർക്ക് അവസരം നൽകുന്നു.

### കണ്ണും കാതും തുറന്ന് പ്രകൃതിയിലേക്ക്

പ്രകൃതിയിലെ കാഴ്ചകളും ശബ്ദങ്ങളും കുട്ടിയുടെ മനസ്സിൽ തീവ്രമായി പതിപ്പിക്കുക എന്നതാണ് ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്.

- അധ്യാപിക ഉച്ചത്തിൽ, ഭാവാത്മകമായി പാഠഭാഗം വായിക്കുന്നു.
- ആദ്യഖണ്ഡിക വായിക്കുമ്പോൾ കുട്ടികൾ കണ്ണടച്ചിരിക്കണം.
- ചില സ്ഥലത്ത് താൻ നിർത്തുമ്പോൾ അതിനു തൊട്ടുമുമ്പു വരുന്ന പദം നൽകുന്ന കാഴ്ച മനസ്സിൽ ഓർത്തെടുക്കാൻ നിർദേശിക്കണം.

  ഉദാ : മീനച്ചൂട്, മാമ്പഴക്കാലം
- ഒന്നാമത്തെ ഖണ്ഡിക കഴിയുമ്പോൾ കുട്ടികൾ കണ്ണു തുറന്നിരിക്കണം.

- മറ്റു ചില സന്ദർഭങ്ങളിൽ കഥാവായന നിർത്തുമ്പോൾ അവിടെ പ്രതിപാദിക്കുന്ന സന്ദർങ്ങളെയും ജീവികളെയും ശബ്ദാനുകരണത്തിലൂടെ അവതരിപ്പിക്കണം.
  ഉദാ : പ്രഭാതം, പൂവൻകോഴി, പുലരിയെ എതിരേൽക്കുന്ന ഒരുപാടു പേർ (കുയിലിന്റെ ശബ്ദം, കാക്ക, ചെറുകിളികൾ).
- ഈ രീതിയിൽ പാഠത്തിന്റെ മുഴുവൻ വായനയും നടക്കട്ടെ.

## ആഴത്തിലുള്ള വായനയിലേക്ക്

- തുടർന്ന് ചില ചോദ്യങ്ങളിലൂടെ ആശയഗ്രഹണത്തിന് അവസരം നൽകുന്നു.
  - ? ഈ കത്തിൽ നിങ്ങൾക്ക് ഏറ്റവും ഹൃദ്യമായി തോന്നിയത് ഏതു ഭാഗമാണ്?
  - ? പുലരിയെ എതിരേൽക്കുന്ന ഒരുപാടു പേരെ നിങ്ങൾക്കവിടെ കണ്ടെത്താം. ആരെയൊക്കെ?
- കൂടാതെ, 'വായിക്കാം കണ്ടെത്താം' എന്ന ഭാഗത്തു നൽകിയ ചോദ്യങ്ങളും ഉപയോഗിക്കുക.
- കുട്ടികൾ പാഠഭാഗം വായിച്ച് കണ്ടെത്തി നോട്ട്പുസ്തകത്തിൽ എഴുതണം.
- ഗ്രൂപ്പിൽ വായിച്ചവതരിപ്പിക്കണം.
- ഒരേ ചോദ്യത്തിന് കുട്ടികൾ കണ്ടെത്തിയ പ്രതികരണം ഓരോ ഗ്രൂപ്പിൽനിന്നും ഒരാൾ വീതം വായിക്കണം.
- പൊതുചർച്ചയിലൂടെ മെച്ചപ്പെടുത്തണം.

## വർണ്ണന തയാറാക്കാം

- സുഗതകുമാരി, 'കിളിനോട്ടം' എന്ന കത്തിൽ പ്രഭാതം, കിളിക്കൂട് എന്നിവ മനോഹരമായി അവതരിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്ന പദങ്ങളും പ്രയോഗങ്ങളും രണ്ടുപേർ അടങ്ങിയ ഗ്രൂപ്പ് കണ്ടെത്തട്ടെ.
- ഏതാനും പേരുടെ അവതരണം.



- ചർച്ചയ്ക്കുശേഷം 'കുഞ്ഞിക്കൂടിനെ'ക്കുറിച്ചുള്ള വർണന തയാറാക്കാൻ നിർദേശിക്കണം.
- അവതരണം
- ചർച്ച
- പൊതുസൂചകങ്ങൾ രൂപീകരിക്കൽ
- മെച്ചപ്പെടുത്തൽ

✳ ആലങ്കാരികപ്രയോഗം
✳ ഉചിതപദങ്ങളുടെയും വാക്യങ്ങളുടെയും തിരഞ്ഞെടുപ്പ്.
✳



## അഭിപ്രായക്കുറിപ്പ് തയാറാക്കാം

ചർച്ച → ചർച്ചാ ചോദ്യങ്ങൾ

**?** കുട്ടിക്കാലത്ത് കവയിത്രി കിളിക്കൂടിനെ എങ്ങനെയാണ് നോക്കിക്കണ്ടത്?

- ♦ കൗതുകം
- ♦ ജിജ്ഞാസ
- ♦ ഭംഗി
- ♦ കേൾവിസുഖം
- ♦ മനോഹരമായ കാഴ്ച
- ♦ ആഹ്ലാദം

**?** തന്റെ കുട്ടിക്കാലത്തിന് അതൊരു സൗഭാഗ്യമായിരുന്നു എന്ന് ഇപ്പോൾ പറയുന്നതെന്തുകൊണ്ടാവാം?

- ♦ അത് തന്റെ ജീവിതത്തിന് നൽകിയ കൗതുകം, ആഹ്ലാദം.
- ♦ ജീവിതപാഠങ്ങൾ
- ♦ കവയിത്രിയുടെ സവിശേഷമായ ജീവിതം.
- ♦ കാവ്യജീവിതം
- ♦ പരിസ്ഥിതിപ്രവർത്തനം
- ♦ അതിനു നൽകിയ പ്രചോദനം.
- ♦ പ്രകൃതിയെ ഉറ്റുനോക്കാനുള്ള മനോഭാവരൂപീകരണത്തിന്.

- രണ്ടു പേരടങ്ങിയ ഗ്രൂപ്പിൽ ക്രോഡീകരണം.
- അഭിപ്രായക്കുറിപ്പ് തയാറാക്കൽ.
- അവതരണം
    - ♦ അഭിപ്രായക്കുറിപ്പിൽ എന്തെല്ലാം?
        - ✳ സ്വന്തം നിരീക്ഷണങ്ങളും അഭിപ്രായങ്ങളും അവതരിപ്പിച്ചിട്ടുണ്ട്.
        - ✳ ആവശ്യമായ യുക്തിയും വിശദീകരണവും നൽകിയിട്ടുണ്ട്.
        - ✳ ഉചിതമായ പദങ്ങൾ, വാക്യങ്ങൾ എന്നിവ ഉപയോഗിച്ച് വായനക്കാർക്കു വ്യക്തത വരുത്തുന്നുണ്ട്.

- സൂചകങ്ങളുടെ സഹായത്തോടെ പരിശോധനയും മെച്ചപ്പെടുത്തലും.
- പോർട്ട്ഫോളിയോയിലേക്ക്.

ചർച്ചയിലെ പങ്കാളിത്തവും പോർട്ട്ഫോളിയോയിലെ രചനയും വിലയിരുത്തലിന് വിധേയമാക്കണം.

## അനുഭവക്കുറിപ്പ് തയാറാക്കാം

- കുട്ടികൾക്കുണ്ടായ ഏതെങ്കിലും അനുഭവങ്ങൾ പറയാൻ അവസരം (രണ്ടോ മൂന്നോ പേർ).
- പ്രകൃതിയിലെ മനോഹരമായ ഇത്തരം കാഴ്ചകളുടെ ദൃശ്യാനുഭവം ഒരുക്കൽ.
- സി.ഡി/ ചിത്രങ്ങൾ
- നേരിട്ടുകണ്ടതോ പറഞ്ഞുകേട്ടതോ ആയ ഒരനുഭവം എഴുതൽ (വ്യക്തിഗതം).
- ഏതാനും പേരുടെ അവതരണം.
- അധ്യാപിക തയാറാക്കിയ അനുഭവക്കുറിപ്പിന്റെ അവതരണം.
- കുട്ടി തയാറാക്കിയതും അധ്യാപിക അവതരിപ്പിച്ചതും താരതമ്യം ചെയ്ത് ചർച്ച.
- ഞാനെഴുതിയതിനേക്കാൾ എന്തെല്ലാം?
    - ഭാഷ
    - അവതരണരീതി
    - ആകർഷണീയത
- മെച്ചപ്പെടുത്തൽ
- അധ്യാപികയുടെ വിലയിരുത്തൽ.
- പോർട്ട്ഫോളിയോയിലേക്ക്

## സാധാരണവാക്യമാക്കി മാറ്റാം

- "എന്തു രസമായിരുന്നു അവിടെ കളിച്ചു നടക്കാൻ!"

  ആശ്ചര്യചിഹ്നം കൂടാതെ ഇത് ഒരു സാധാരണവാക്യമാക്കി മാറ്റാൻ നിർദേശം നൽകാം.
- രണ്ടു വാക്യങ്ങളും താരതമ്യം ചെയ്ത് സവിശേഷതകൾ ചർച്ചചെയ്യണം.

## മാതൃക നോക്കി പൂരിപ്പിക്കാം

- പൂവൻകോഴി - പിടക്കോഴി

  അച്ഛൻകിളി - ............................
- മറ്റ് ഉദാഹരണങ്ങൾ പാഠഭാഗത്തുനിന്നു കണ്ടെത്തി കുട്ടികൾ എഴുതട്ടെ.

# 5.1.3 എന്റെ വിദ്യാലയം

**വി**ശ്വവിദ്യാലയം എന്ന ഈ യൂണിറ്റിന്റെ പേര് അന്വർഥമാക്കുന്ന കവിതയാണ് ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ 'എന്റെ വിദ്യാലയം'. ഈ കവിതയിൽ ലോകത്തെ തറവാടായും ആശുപത്രിയായും സങ്കൽപ്പിച്ചിട്ടുണ്ടെങ്കിലും ഏറ്റവും അർഥപൂർണമായ സങ്കൽപനം ലോകത്തെ ഒരു വിദ്യാലയമായി കാണുന്നതാണ്. വിദ്യാലയത്തിൽനിന്ന് അധ്യാപകരിലൂടെ, പഠനോപകരണങ്ങളിലൂടെ, കൂട്ടുകാരിലൂടെ ഒട്ടേറെ കാര്യങ്ങൾ നാം സ്വന്തമാക്കുന്നു. അതുപോലെ ലോകമാകുന്ന വിദ്യാലയത്തിൽനിന്ന് അതിരുകളില്ലാത്ത അറിവുകളാണ് നമ്മിലേക്കു സംക്രമിക്കുന്നത്. എന്റെ വിദ്യാലയം ചന്ദ്രനും നക്ഷത്രങ്ങളും തൂവെള്ളിക്കതിർചിന്നുന്ന ഉയർന്ന വാനിൻ ചുവട്ടിലാണ്. അവിടെ ഇന്നലെ വരെ കരഞ്ഞ് കറുത്ത വാനം ഇന്ന് ചിരിക്കുന്നുണ്ട്, പാലൊളി ചിതറുന്നുണ്ട് എന്നിങ്ങനെയാണ് കവിതയുടെ തുടക്കം.

പ്രാചീനകാലം മുതലേ കവികൾ അറിവിനെ പ്രകാശവുമായി ബന്ധപ്പെടുത്തി പറയാറുണ്ട്. 'തമസോമാ ജ്യോതിർഗമയ' എന്ന് പറയുമ്പോൾ ഇരുട്ട് അറിവില്ലായ്മയെയും വെളിച്ചം അറിവിനെയുമാണല്ലോ പ്രതിനിധാനം ചെയ്യുന്നത്. ഗുരു അന്ധകാരത്തെ അകറ്റുന്നവനാണല്ലോ.

തൂവെള്ളിക്കതിർ ചിന്നുന്ന ആകാശം മുകളിലുണ്ട് എന്നു പറയുമ്പോൾ വിദ്യാലയം അറിവിന്റെ പ്രകാശഗോപുരമാണ് എന്ന സൂചനയുണ്ട്. ഋതുക്കളുടെ പരിണാമം 'കരഞ്ഞ വാനം ചിരിച്ചു' എന്നതിലൂടെ വ്യക്തമാണ്.

> "ഇന്നലെക്കണ്ണീർ, വാർത്തു കരഞ്ഞ കരിവാന-
> മിന്നതാ ചിരിക്കുന്നൂ, പാലൊളി ചിതറുന്നൂ"

ഇവിടെ സുഖദുഃഖസമ്മിശ്രമായ ലോകത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. കറുപ്പും വെളുപ്പും, കയറ്റവും ഇറക്കവും, ദുഃഖവും സുഖവും ചേർന്നതാണ് ജീവിതം. ഇന്നലെ കരഞ്ഞ വാനം ഇന്ന് പാലൊളി ചിതറി ചിരിക്കുകയാണ്. അത് നാളെ വീണ്ടും കരയാം.

മുൾച്ചെടിയിലും പൂവിരിയുന്നു. അഗാധമായ വേദനയ്ക്കിടയിലും ചെറുപുഞ്ചിരിയുണ്ടാവാം. ജീവിതദുഃഖങ്ങൾക്കിടയിലും ഒരു ചെറുനക്ഷത്രത്തിന്റെ പുഞ്ചിരി കാണുമ്പോൾ എല്ലാം മറന്നു പോകുന്ന 'പാവം മാനവഹൃദയ'ത്തിന്റെ അവസ്ഥ സുഗതകുമാരി പാടിയിട്ടുണ്ട്:

> "ഒരു താരകയെക്കാണുമ്പോളതു
> രാവു മറക്കും, പുതുമഴ കണ്ടതു
> മൃതിയെ മറന്നു സുഖിച്ചേ പോകും,
> പാവം മാനവഹൃദയം....."

മധു കുടിച്ച് മത്തരായാണ് മധുപങ്ങൾ പാറിപ്പറക്കുന്നത്. ജീവിതം എത്ര നൈമിഷികമാണെങ്കിലും അത് മധുരതരമാവണം എന്ന തത്ത്വദർശനം ഈ വരികളിലുണ്ട്.

അതുപോലെ കല്ലുകൊണ്ടുണ്ടാക്കിയ അത്താണി നമ്മെ പഠിപ്പിക്കുന്നത് അന്യന്റെ കഷ്ടപ്പാടുകൾ താങ്ങാനാണ്, അഥവാ പരസേവനമാണ്. 'പരോപകാരപ്രവണമാണ് പ്രപഞ്ചം' എന്ന് ഉള്ളൂർ പാടിയിട്ടുണ്ട്.

ഇങ്ങനെ നോക്കുമ്പോൾ ആരൊക്കെയാണ് എന്റെ ഗുരുനാഥർ? 'ആരെല്ലെൻ ഗുരുനാഥർ' എന്നു പറയുമ്പോൾ എല്ലാവരും എന്റെ ഗുരുനാഥരാണ്. കാരണം അവരിൽനിന്നെല്ലാം ഒരുപാട് പാഠങ്ങൾ ഞാൻ പഠിക്കുന്നു.

പ്രപഞ്ചംതന്നെ ഒരു വിദ്യാലയമാണെന്നും അവിടെനിന്ന് ഒരുപാട് കാര്യങ്ങൾ നമുക്ക് പഠിച്ചെടുക്കാനുണ്ട് എന്നും ഈ കവിതയിലൂടെ കവി ഓർമ്മിപ്പിക്കുന്നു.

# പ്രവർത്തനത്തിലൂടെ

## തലക്കെട്ട് - എങ്ങനെ?

'എന്റെ വിദ്യാലയം' എന്ന തലക്കെട്ട് നിങ്ങളുടെ മനസ്സിൽ ഉണർത്തിയ ചിന്തകൾ എന്തെല്ലാം?

- കുട്ടികൾ സ്വാഭാവികമായി പ്രതികരിക്കട്ടെ.
    - ✳ ഈ കവിത വിദ്യാലയത്തെ കുറിച്ചാണ്.
    - ✳ കവിയുടെ വിദ്യാലയത്തെ കുറിച്ചാണ്.
    - ✳ നമ്മുടെയെല്ലാം വിദ്യാലയത്തെ കുറിച്ചാണ്.
    - ✳ പ്രപഞ്ചം എന്ന വിദ്യാലയം.

## കവിതയിലെന്ത് പറയുന്നു?

- കവിതാവായന
- സംഘമായി വായിച്ച് ഈണം കണ്ടെത്തൽ.
- അവതരണം
- കവിതാലാപനത്തിനുശേഷം ചാർട്ടിൽ / ബോർഡിൽ ഇങ്ങനെയൊരു പ്രവർത്തനം നൽകി പദപരിചയത്തിലേക്ക് നയിക്കാം.



## ആഴത്തിലുള്ള പഠനത്തിലേക്ക്

- 'വായിക്കാം കണ്ടെത്താം' എന്ന ഭാഗത്തെ ചോദ്യങ്ങൾ വായിക്കുന്നു.
- കവിത വായിച്ച് വ്യക്തിഗതമായി ഉത്തരം കണ്ടെത്തൽ.
- 'എന്റെ ഭാഷാപുസ്തക'ത്തിൽ കുറിക്കൽ.
- രണ്ടുപേരടങ്ങിയ ഗ്രൂപ്പിൽ വായനയും മെച്ചപ്പെടുത്തലും.
- ഏതാനും പേരുടെ അവതരണം.

## ഉപന്യാസം തയാറാക്കൽ

പ്രവേശകപ്രവർത്തനത്തിൽ നടന്ന 'എന്റെ വിദ്യാലയം' എന്ന തലക്കെട്ടു ചർച്ചയുടെ പുനർവിചിന്തനം നടക്കണം.

- ♦ 'എന്റെ വിദ്യാലയം' എന്ന് ആദ്യം കേട്ടപ്പോൾ നിങ്ങൾക്കുണ്ടായ ചിന്തകൾ എന്തെല്ലാമായിരുന്നു?
- ♦ നിങ്ങളുടെ വിദ്യാലയത്തെക്കുറിച്ച് നിങ്ങൾക്ക് എന്തെല്ലാം പറയാനുണ്ട്?

- കുട്ടികൾ പറയുന്ന അഭിപ്രായങ്ങൾ ബോർഡിൽ എഴുതാം.




** (വിദ്യാലയത്തിന്റെ പരിമിതികളും പ്രതികരണങ്ങളിൽ ഉണ്ടാവാം).*

- കവിതയിൽ പറയുന്ന വിദ്യാലയത്തിന്റെ സവിശേഷതകൾ രണ്ടുപേരുടെ ഗ്രൂപ്പിൽ കണ്ടെത്തി ആശയപടം വികസിപ്പിക്കുന്നു.
- (അധ്യാപിക ചാർട്ടിൽ അതിന്റെ ഫോർമാറ്റ് നൽകുകയോ പ്രവർത്തന ഭാഗത്ത് നൽകിയത് വികസിപ്പിക്കാൻ നിർദേശിക്കുകയോ വേണം).




- രണ്ടുപേരുടെ ഗ്രൂപ്പിൽ ആശയപടം കൈമാറി വായന – മെച്ചപ്പെടുത്തൽ.
- ഉപന്യാസം തയാറാക്കൽ
- ഏതാനും പേരുടെ അവതരണം.
- മികച്ചതേത്? എന്തുകൊണ്ട്?
- പൊതുസൂചകം രൂപീകരിക്കൽ.

**തലക്കെട്ട്**
- ആശയത്തിലേക്ക് നയിക്കുന്നത്.
- ആകർഷകം
- സംക്ഷിപ്തം

**ഘടന**
- തുടക്കം
- ഖണ്ഡികാകരണം
- ഉപസംഹാരം

**ഭാഷ**
- ഉചിതപദങ്ങൾ
- പ്രയോഗങ്ങൾ
- വാക്യങ്ങൾ
- ഉദ്ധരണികൾ
- ഒഴുക്കുള്ള പ്രതിപാദനം.

- ഗ്രൂപ്പിൽ വായന - മെച്ചപ്പെടുത്തൽ
- ആവശ്യമെങ്കിൽ വായനസാമഗ്രികൾ പ്രയോജനപ്പെടുത്തണം.
- പോർട്ട്ഫോളിയോയിലേക്ക്.

*പ്രക്രിയാഘട്ടങ്ങളും ഉൽപ്പന്നവും വിലയിരുത്തലിന് വിധേയമാക്കണം. ടി.എമ്മിൽ രേഖപ്പെടുത്തണം.*



## വരികളുടെ ആശയം കണ്ടെത്താം

- കവിതാവായന
- കവിതയിലെ പ്രസ്തുത വരികൾ വരുന്ന ഭാഗം കണ്ടെത്തൽ.
- അടിസ്ഥാന ഗ്രൂപ്പിൽ മൂന്നു വരികളുടെയും ആശയം ചർച്ചചെയ്യട്ടെ.
- കണ്ടെത്തിയ ആശയങ്ങളുടെ അവതരണം - മെച്ചപ്പെടുത്തൽ (ആവശ്യമായ സൂചനകൾ നൽകണം).

*സൂചനകൾ*

1. "തുംഗമാംവാനിൻചോട്ടിലാണെന്റെ വിദ്യാലയം"
   * ഉയർന്നു വിശാലമായിക്കാണുന്ന ആകാശത്തിന് താഴെയാണ് എന്റെ വിദ്യാലയം.
   * ആകാശത്തിനും അറിവിനും അതിരുകളില്ല.
   * അനന്തമായ ആകാശം (അനന്തതയെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു).
2. "മുൾച്ചെടിത്തലപ്പത്തും പുഞ്ചിരി വിരിയാറുണ്ട്."
   * പൂന്തോപ്പിലെ പനിനീർച്ചെടിയുടെ ദേഹം മുഴുവൻ കൂർത്ത മുള്ളുകളാണെങ്കിലും അതിലുണ്ടാകുന്ന പൂവിന്റെ പുഞ്ചിരി നമുക്ക് സന്തോഷം പ്രദാനം ചെയ്യുന്നു.
   * ദുഃഖങ്ങൾ ഉള്ളിലൊതുക്കി പുഞ്ചിരിക്കാനുള്ള കഴിവ്.
   * പുറമല്ല പ്രധാനം - പുറത്ത് പരുക്കരായ മനുഷ്യരിലും ആർദ്രതയുണ്ട്. സ്നേഹമുണ്ട്.
3. "മധുരമിജ്ജീവിതം ചെറുതാണെന്നാകിലും"
   * ചെറുത് സുന്ദരമാണ്.
   * സുഖദുഃഖസമ്മിശ്രമാണ് ജീവിതം.
   * നശ്വരതയാണ് സൗന്ദര്യം.
   * ജീവിതനിമിഷങ്ങളെ സന്തോഷം കൊണ്ട് നിറയ്ക്കുകയാണു വേണ്ടത്.

- രൂപപ്പെട്ട ആശയങ്ങളുടെ അടിസ്ഥാനത്തിൽ കുറിപ്പ് തയാറാക്കൽ (വ്യക്തിഗതം).
- ഏതാനും പേരുടെ അവതരണം.
- മെച്ചപ്പെടുത്തൽ

**കുറിപ്പിലെന്തെല്ലാം?**

* ആശയങ്ങൾ സംക്ഷിപ്തമായി അവതരിപ്പിക്കൽ.
* ലളിതമായ വ്യാഖ്യാനം.
* ഉചിതപദങ്ങൾ
* ലഘുവാക്യങ്ങൾ

## പ്രസംഗം തയാറാക്കാം

- കവിതാവായന
- മുന്നൊരുക്കം

  *കുട്ടികളെ വൃത്താകൃതിയിൽ നിർത്താം. പാഠഭാഗത്തുനിന്നു മനസ്സിലാക്കിയ കാര്യങ്ങൾ ഓരോരുത്തരായി പറയട്ടെ. ഒരാൾ പറയുന്ന ആശയത്തിന്റെ തുടർച്ചയായിരിക്കണം അടുത്തയാൾ പറയുന്നത്.*
- ഉള്ളടക്കപരമായ ആശയങ്ങൾ കണ്ടെത്തൽ - അധ്യാപികയ്ക്ക് ചാർട്ടിലോ ബോർഡിലോ വരയ്ക്കാം.




** (കേന്ദ്രാശയവും, ഉപാശയവും ഇവ കുട്ടികൾ എഴുതട്ടെ.)*

- <u>കുറിപ്പിലേക്ക്</u>

  ലഭിച്ച ആശയങ്ങൾ ഉപയോഗിച്ച് കുറിപ്പ് തയാറാക്കട്ടെ.
- <u>നിമിഷപ്രസംഗം</u>

  ഏതാനും കുട്ടികൾക്ക് നിമിഷപ്രസംഗം നടത്താൻ അവസരം.
- ചർച്ച
- പ്രസംഗം എഴുതി തയാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:
  - ✳ അഭിസംബോധന
  - ✳ ഖണ്ഡികാകരണം
  - ✳ കേന്ദ്രാശയത്തിൽനിന്ന് ഉപാശയത്തിലേക്ക്; വീണ്ടും കേന്ദ്രാശയത്തിലേക്ക്.
  - ✳ ആശയക്രമീകരണം
  - ✳ ഉപസംഹാരം
  - ✳ ഭാഷ (ഉചിതപദങ്ങൾ, വാക്യങ്ങൾ, കേൾക്കുന്നവരോട് സംവദിക്കുന്നത്, ഉദ്ധരണികൾ, ഉചിതമായ ഉദാഹരണങ്ങൾ, ഊന്നിപ്പറയേണ്ടിടത്ത് ഊന്നൽ).

- പ്രസംഗം തയാറാക്കൽ
  - വ്യക്തിഗതരചന
  - ഏതാനും പേരുടെ അവതരണം
  - മികച്ചതേത്?
  - കൂട്ടിച്ചേർക്കേണ്ടതെന്തൊക്കെ?
- പ്രസംഗാവതരണം
  - ഗ്രൂപ്പിൽനിന്ന് ഒരാൾക്ക് വീതം അവതരണത്തിനവസരം നൽകാം.
  - അവതരണത്തിൽ ശ്രദ്ധിക്കേണ്ടതെന്തെല്ലാം? - ചർച്ച
    - സദസ്സിനെ മനസ്സിലാക്കണം.
    - ആകർഷകമായ അവതരണം (ഒഴുക്ക്, ഉചിതമായ ശബ്ദവിന്യാസം, അനുയോജ്യമായ ഭാവചേഷ്ടകൾ).
  - മികച്ച പ്രസംഗങ്ങൾ കേൾക്കാൻ അവസരമൊരുക്കൽ (സുകുമാർ അഴീക്കോട്, എം.എൻ. വിജയൻ, സുഗതകുമാരി മുതലായവർ)
  - സാഹിത്യസമാജത്തിൽ മികച്ചത് അവതരിപ്പിക്കാൻ അവസരമുണ്ടാക്കണം.

## ആസ്വാദനക്കുറിപ്പ് തയാറാക്കാം

*പാഠഭാഗത്തുനിന്ന് കുട്ടി മനസ്സിലാക്കിയ ആശയങ്ങളുമായി ബന്ധപ്പെട്ട കഥകളും കവിതകളും ലേഖനങ്ങളുമാണ് വായനയ്ക്കായി നിർദേശിച്ചിട്ടുള്ളത്. ലൈബ്രറിയിൽ ഇവയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ലഭ്യമാക്കണം. ഇല്ലെങ്കിൽ ഫോട്ടോകോപ്പി എടുത്ത് നൽകാവുന്നതാണ്.*

- കുട്ടികൾ വ്യക്തിഗതമായി വായിക്കട്ടെ.
- പ്രധാന കാര്യങ്ങൾ കുറിക്കണം.
- മനോപടം പ്രയോജനപ്പെടുത്താം.
- കുട്ടികൾ വീട്ടിൽ വച്ചോ മറ്റോ ചെയ്യുന്ന പ്രവർത്തനമായതിനാൽ ആസ്വാദനക്കുറിപ്പിനെക്കുറിച്ചുള്ള ചർച്ച ക്ലാസിൽ നടത്തേണ്ടതുണ്ട്.

**ആസ്വാദനക്കുറിപ്പിലെന്തെല്ലാം?**

* വായിച്ച ഭാഗത്തെ ആശയങ്ങൾ സ്വാംശീകരിച്ച് അവതരിപ്പിക്കണം.
* വായിക്കുന്ന ആൾക്ക് താൽപ്പര്യവും ആകാംക്ഷയും ഉണർത്തുന്ന വിധമുള്ള ഭാഷ. (ഘടന, സവിശേഷ പ്രയോഗങ്ങൾ, ശൈലി)
* സ്വന്തം നിരീക്ഷണങ്ങളും അഭിപ്രായങ്ങളും
* സൗന്ദര്യതലം (പദങ്ങൾ, പ്രയോഗങ്ങൾ, ബിംബങ്ങൾ, ശൈലികൾ)
* സമകാലികപ്രസക്തി

## ഞാൻ എന്നെക്കുറിച്ച്

*യൂണിറ്റിലൂടെ കടന്നുവന്നപ്പോൾ കുട്ടിക്ക് താൻ ആർജിച്ച കഴിവുകൾ സ്വയം പരിശോധിക്കാനുള്ള പ്രവർത്തനമാണിത്.*

- ഓരോ കുട്ടിയും വ്യക്തിഗതമായി തീർത്തും സ്വതന്ത്രമായി ഇതു ചെയ്യേണ്ടതുണ്ട്.
- അധ്യാപിക പരിശോധിച്ച് ആവശ്യമായ ഫീഡ്ബാക്കും കൈത്താങ്ങും നൽകേണ്ടതുണ്ട്.

*ഓരോ കുട്ടിക്കും അവനവനെ തിരിച്ചറിയാനും മെച്ചപ്പെടാനും ഇതിലൂടെ സാധിക്കണം.*

## പഠനനേട്ടങ്ങൾ

- പ്രകൃതിസ്നേഹം അടിസ്ഥാനമാക്കിയുള്ള കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവ തിരഞ്ഞെടുത്ത് വായിച്ച് കുറിപ്പുകൾ തയാറാക്കുന്നു.
- കണ്ടും കേട്ടും വായിച്ചും അനുഭവിച്ച കാര്യങ്ങൾ ആസ്വദിക്കുകയും യുക്തിപൂർവം വിശകലനം ചെയ്ത് ആസ്വാദനക്കുറിപ്പ്, കഥാപാത്രനിരൂപണം, കത്ത്, വർണന, ഉപന്യാസം, പ്രസംഗം തുടങ്ങിയ വ്യവഹാരരൂപങ്ങളിൽ ഉചിതമായ ഭാഷയിൽ (പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ, ഘടന) ആവിഷ്കരിക്കുകയും ചെയ്യുന്നു.
- തനിക്കു ചുറ്റുമുള്ള സസ്യലതാദികളെയും ജീവജാലങ്ങളെയും സ്നേഹിക്കാനും സംരക്ഷിക്കാനുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## എഴുത്തുകാരെ അറിയുക

### രവീന്ദ്രനാഥ ടാഗോർ



1861 മെയ് 7 ന് കൽക്കത്തയിൽ ജനിച്ചു. മഹർഷി ദേവേന്ദ്രനാഥ ടാഗോറിന്റെയും ശാരദാദേവിയുടെയും പതിനാലാമത്തെ കുട്ടിയാണ് രവീന്ദ്രനാഥ ടാഗോർ. 1890 ൽ രചിച്ച 'മാനവ' എന്ന കവിതാസമാഹാരത്തിലൂടെ പ്രസിദ്ധനായി. 1901 ൽ ശാന്തിനികേതൻ ആരംഭിച്ചു. ബംഗാൾ വിഭജനത്തിനെതിരേയുള്ള പ്രക്ഷോഭത്തിൽ പങ്കെടുത്തു. ബാലഗംഗാധര തിലകിനെ തടവിലിട്ടതിനെതിരേ കൽക്കത്തയിൽ പ്രക്ഷോഭത്തിന് നേതൃത്വം നൽകി.

1913 ൽ നൊബേൽ സമ്മാനം. കൽക്കത്ത സർവകലാശാല ഡി-ലിറ്റ് ബഹുമതി നൽകി. 1919 ൽ ജാലിയൻവാലാബാഗ് കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് സർ ബഹുമതി ഉപേക്ഷിച്ചു. 1921 ൽ വിശ്വഭാരതി സർവകലാശാല സ്ഥാപിച്ചു. 1929 ൽ അറുപത്തി എട്ടാമത്തെ വയസ്സിലാണ് ചിത്രരചന ആരംഭിച്ചത്. 1941 ആഗസ്ത് 7 ന് വിശ്വമഹാകവി അന്തരിച്ചു.

സാഹിത്യകാരൻ, സംഗീതജ്ഞൻ, ചിത്രകാരൻ, വിദ്യാഭ്യാസചിന്തകൻ, നിത്യസഞ്ചാരി എന്നിങ്ങനെ ബഹുമുഖപ്രതിഭയായിരുന്നു ടാഗോർ. നൂറോളം സമാഹാരങ്ങളിലായി മൂവായിരത്തോളം കവിതകൾ, ആയിരത്തിനാനൂറോളം ഗാനങ്ങൾ, അമ്പതോളം നാടകങ്ങൾ, നാൽപ്പതോളം കഥാസമാഹാരങ്ങൾ, പതിനഞ്ചോളം ലേഖനസമാഹാരങ്ങൾ, മൂവായിരത്തോളം ചിത്രങ്ങൾ എന്നിവ ഈ പ്രതിഭയിൽനിന്ന് ലോകത്തിന് ലഭിച്ചു. നമ്മുടെ ദേശീയഗാനം രചിച്ചത് രവീന്ദ്രനാഥ ടാഗോറാണ്.

---

## സുഗതകുമാരി



ജനനം : 1934 ജനുവരി 22 ന് തിരുവനന്തപുരത്ത്. പിതാവ് : പ്രശസ്ത കവിയും സ്വാതന്ത്ര്യസമരസേനാനിയുമായ ബോധേശ്വരൻ. മാതാവ് : കെ. കാർത്ത്യായനിയമ്മ. ജവഹർ ബാലഭവൻ പ്രിൻസിപ്പലായി ജോലി ചെയ്തു. കേരള വനിതാ കമ്മീഷൻ അധ്യക്ഷ, 'തളിര്' മാസിക പത്രാധിപർ എന്നീ പദവികളും വഹിച്ചു. മലയാളത്തിലെ ആധുനിക കവികളിൽ പ്രമുഖയാണ്. പരിസ്ഥിതി പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെട്ടുകൊണ്ട് സജീവമായി പ്രവർത്തിക്കുന്നു.

*പ്രധാന പുരസ്കാരങ്ങൾ*

കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, എഴുത്തച്ഛൻ പുരസ്കാരം, ആശാൻ പ്രൈസ്, ഓടക്കുഴൽ അവാർഡ്, വയലാർ അവാർഡ്, ജന്മാഷ്ടമി പുരസ്കാരം, ഇന്ത്യാഗവർമെന്റിന്റെ 'വൃക്ഷമിത്ര' അവാർഡ്

*പ്രധാന കൃതികൾ*

രാത്രിമഴ, മുത്തുച്ചിപ്പി, പാവം മാനവഹൃദയം, പാതിരാപ്പൂക്കൾ, ഇരുൾച്ചിറകുകൾ, അമ്പലമണി, കുറിഞ്ഞിപ്പൂക്കൾ, കൃഷ്ണകവിതകൾ, തുലാവർഷപ്പച്ച, രാധയെവിടെ, ദേവദാസി (കവിതാസമാഹാരങ്ങൾ), വാഴത്തേൻ, അയലത്തു പറയുന്ന കഥകൾ (ബാലസാഹിത്യം), കുട്ടികളുടെ പഞ്ചതന്ത്രം, സോനയുടെ ധീരകൃത്യങ്ങൾ (വിവർത്തനം)

---

## ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരി



ജനനം : 1923 ജനുവരി 10 ന് പാലക്കാട് ജില്ലയിലെ വെള്ളിനേഴിയിൽ. പിതാവ് : നീലകണ്ഠൻ നമ്പൂതിരിപ്പാട് മാതാവ് : ദേവസേന. മലയാളത്തിലെ പ്രമുഖകവികളിൽ ഒരാൾ. വള്ളുവനാടൻ ഗ്രാമജീവിതത്തിന്റെ തുടിപ്പുകളുള്ള കവിതകൾ. കേരളകലാമണ്ഡലം ചെയർമാനായിരുന്നു. 2000 ഏപ്രിൽ 10 ന് അന്തരിച്ചു.

*പ്രധാന പുരസ്കാരങ്ങൾ*

കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ

*പ്രധാന കൃതികൾ*

നിഴലാന, ജാലകപ്പക്ഷി, നങ്ങേമക്കുട്ടി, ഇലത്താളം, പാഞ്ചാലി, വീണ, കഥാകവിതകൾ

അനുബന്ധം 1

# അട്ടപ്പാടിയിൽ കൃഷ്ണവനം

ഭൂമിക്ക് ഒരു വന്യമൃഗത്തെപ്പോലെ അവളുടെ മുറിവുകൾ നക്കിയുണക്കാൻ കഴിയും; അവളെ അതിനനുവദിക്കുമെങ്കിൽ. നിങ്ങൾ ഒരു കൈത്താങ്ങു നൽകിയാൽ അവൾ ഒരുവിധമുള്ള നൊമ്പരങ്ങൾ സ്വയം പൊറുപ്പിച്ചുകൊള്ളും. അട്ടപ്പാടിയിലെ വനജീവനപരീക്ഷണം അതാണ് തെളിയിച്ചത്.

ഞങ്ങൾ ചെന്ന കാലത്ത് 85-ൽ അട്ടപ്പാടിയിലെ ബൊമ്മിയാംപടി ഊരിനു പിന്നിലെ മലനിരകൾ പരമദരിദ്രങ്ങളായിരുന്നു. ക്ഷയിച്ചവ, വരണ്ടു ദുഃഖമയങ്ങളായി മാനത്തു നോക്കിക്കിടക്കുന്നവ. ആടുകളും കന്നുകാലികളും കരണ്ടുതിന്ന് ഊഷരമായ മണ്ണ്. അങ്ങുമിങ്ങും വിറകൊണ്ടുനിൽക്കുന്ന മെലിഞ്ഞ ചില മരങ്ങൾ. വെട്ടിയ മരക്കുറ്റികൾകൊണ്ട് അടയാളമിട്ട, പാടേ നിർജീവമായ ഒരു ദാരിദ്ര്യരംഗം. പൊന്നു മുഴുവൻ കുത്തിയെടുത്തിട്ട് ഉപേക്ഷിക്കപ്പെട്ടൊരു ഖനിപോലെ അട്ടപ്പാടി കിടക്കുന്നു. നല്ല മരങ്ങളെല്ലാം പണ്ടേ മലയിറങ്ങിക്കഴിഞ്ഞിരിക്കുന്നു. ഓലകുത്തി മറച്ച ചാളകളിൽ നിന്ന് ആദിവാസിപ്പെണ്ണുങ്ങൾ ഇറങ്ങിവന്ന് 'പണിതാ അമ്മാ, പശിക്കിറത്' എന്നു പരാതി പറഞ്ഞു.

### വെള്ളച്ചാട്ടങ്ങളുടെ പാടുകൾ മാത്രം

മൊട്ടക്കുന്നുകളുടെ ചരിവുകളിലെല്ലാം എന്നോ ചത്തുപോയ വെള്ളച്ചാട്ടങ്ങളുടെ പാടുകൾ കാണാം. വനംവകുപ്പിന്റെ രേഖകളിൽ ഇപ്പോൾ ഇവിടം നിക്ഷിപ്തവനഭൂമിയാണ്. എപ്പോഴും വിശക്കുന്ന വയറുകളും ചൂടും പൊടിയും നിറഞ്ഞ കാറ്റും തലവെട്ടിയ ഒരു ആൽമരവും മഴു കാത്തുനിൽക്കുന്ന ഒടുക്കത്തെ ഒറ്റപ്പുഴ അത്തിമരവും ആട്ടിൻപറ്റങ്ങൾ മേയുന്ന വരണ്ട മലമേടുകളും ചാവാറായൊരു കൊച്ചു കൈത്തോടും-ഇവയ്ക്കെല്ലാം മുകളിൽ വിളങ്ങിനിൽക്കുന്നു മല്ലീശ്വരൻമുടിയും-ഇതായിരുന്നു ഞങ്ങൾ ചെല്ലുമ്പോൾ ബൊമ്മിയാംപടി ഊര്.

മാറത്തു പാറകൾ ചിതറിക്കിടക്കുന്ന, വറ്റിയും ഒലിച്ചും നീങ്ങുന്ന ആ കൈത്തോടിന്റെ കരയിൽ ഞങ്ങൾ മുളയും മണ്ണുംകൊണ്ടു മിനഞ്ഞ് പുല്ലുമേഞ്ഞ ഒരു കുടിൽ കെട്ടി- പ്രകൃതിസംരക്ഷണസമിതി ഓഫീസ്. അവിടെ താമസിച്ചുകൊണ്ട് ഞങ്ങൾ, സർക്കാർ സദയം ഞങ്ങൾക്കു പണിയെടുക്കാൻ താൽക്കാലികമായി അനുവദിച്ചുതന്ന മുപ്പതു ഹെക്ടറിൽ സാഹസികമായി ഒരു പരീക്ഷണം ആരംഭിച്ചു- വനജീവന പരിപാടി. പണ്ടെന്നോ മരിച്ചുപോയൊരു കാടിനെ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമം. ഇതിനുള്ള ചെലവ് കേന്ദ്രസർക്കാറിന്റെ കീഴിലുള്ള കപ്പാർട്ട് എന്ന സ്ഥാപനം ഞങ്ങൾക്കു നൽകി.

### പാട്ടുപാടിക്കൊണ്ട് പണിയെടുത്തു

ഞങ്ങളുടെ ജോലിക്കു പല പ്രത്യേകതകളുമുണ്ടായിരുന്നു. പണിയെടുക്കുന്നവരല്ലോ ആദിവാസികൾ......... പട്ടിണിക്കാരായ ചില തമിഴ് കുടുംബങ്ങളും അവരോടൊപ്പംകൂടി. ഇടനിലക്കാരില്ല. കോൺട്രാക്ടറില്ല. ഏജന്റുമാരില്ല. നഗ്നമായ ചുമലിൽ ഒറ്റച്ചേലയുടെ തുമ്പ് ചുറ്റിക്കെട്ടി, എണ്ണമയമില്ലാത്ത തലമുടി വലംചേർത്തു പെരുകി, വെള്ളിമുക്കുത്തിയിട്ട പെണ്ണുങ്ങൾ പാട്ടുപാടിക്കൊണ്ടു പണിയെടുക്കാൻ വന്നു. മലയിൽ കാടുണ്ടായിരുന്ന കാലം അവർക്കൊന്നും ഓർമ്മയില്ല. കൂട്ടത്തിൽ വൃദ്ധനായ ഊശിമൂപ്പൻ പറഞ്ഞു: "ഇരുളുപോലെ കാടിരുന്തിന്. ഇമ്മട്ടു പശിയില്ലെ നാങ്കളുക്കു." അക്കാലം നിറയെ കായും കിഴങ്ങും കാട്ടുമൃഗങ്ങളും കൂവരകുകൃഷിയുമുണ്ടായിരുന്നു. കാടിന്റെ സമൃദ്ധി കാട്ടുമക്കളുടെ സമൃദ്ധിയായിരുന്നു. ആ കാടു വീണ്ടെടുക്കാനാണ് ഇന്ന് പണിയെടുക്കുന്നത്. അവർ ഉത്സാഹത്തോടെ ജോലി ചെയ്തു.

ആടുമേയ്ക്കലും പുല്ലുചെത്തലും തീയിടലും മരംവെട്ടലും നിത്യമെന്നോണം നടന്നുകൊണ്ടിരുന്ന ആ ചരിവുകളെ വേലികെട്ടിത്തിരിക്കുകയാണ് ആദ്യം ചെയ്തത്. ഏറക്കുറേ നഗ്നമായിക്കഴിഞ്ഞിരുന്ന ചരിവുകളിൽ വലിയ വിള്ളലുകൾ കാണാമായിരുന്നു. ഓരോ മഴയ്ക്കും വെള്ളവും മണ്ണും ഒലിച്ചു ചാടുന്ന വഴികളാണവ. അവ കല്ലുകളും പൊന്തത്തലപ്പുകളും ഉപയോഗിച്ച് അടയ്ക്കുക എന്നതാണു പിന്നീട് ചെയ്ത പണി. പെയ്ത്തുവെള്ളം മണ്ണിൽ താഴാൻവേണ്ടി ചരിവുകളും ചെറുവരമ്പുകളും മടകളും ഉണ്ടാക്കി. ഒരു കാട്ടുമരത്തെപോലും വെട്ടിക്കളയാതെ സൂക്ഷിച്ച്, നിലം കിളച്ചൊരുക്കാതെ, എല്ലാ ചെറുപച്ചപ്പുക

ളെയും ആവുന്നത്ര നിലനിർത്തിക്കൊണ്ട് ആയിരക്കണക്കിനു കുഴികളെടുത്തു. വേപ്പും മലവേപ്പും ഉങ്ങും കാട്ടു നെല്ലിയും വാകയും താന്നിയും ഞാവലും പഞ്ഞിമരവും മരുതും... അങ്ങനെ ആയിരക്കണക്കിനു നാടൻ മര ത്തൈകൾ നട്ടു. നട്ടതേത്, നടാത്തതേത് എന്ന് ഇന്നറിയുവാനാവുന്നില്ല.

ഇതിനിടയ്ക്ക് ആദിവാസികൾ നാടൻ മരത്തൈകൾ ശേഖരിച്ചു കഴിഞ്ഞിരുന്നു. പെണ്ണുങ്ങൾ തൈകൾ നട്ടു. പുല്ലുചെത്തലും ആടുമേയ്ക്കലും നിർത്തിയതോടെ അവിടമെങ്ങും പുല്ലു തഴച്ചുവളരാൻ തുടങ്ങി. പെയ്ത്തു വെള്ളം നിന്നുതാഴാൻവേണ്ടി കുറേയേറെ കുഴികൾ വെറുതെയിട്ടു. മഴനിഴൽപ്രദേശമായ അട്ടപ്പാടിയിൽ പെയ്യു ന്ന ഓരോ തുള്ളി വെള്ളവും അമൂല്യമാണ്. തഴച്ചു ചാഞ്ഞ് മെത്തപോലായിക്കഴിഞ്ഞ പുല്ലും ഒഴിച്ചിട്ട കുഴികളും അടയ്ക്കപ്പെട്ട വിള്ളലുകളും വല്ലപ്പോഴും കിട്ടുന്ന മഴപ്പെയ്ത്തിനെ ഏറ്റുവാങ്ങി ഉള്ളിലേക്കൊതുക്കിത്തുടങ്ങി.

മണ്ണിൽ ഈർപ്പമുണ്ടാവുകയും മനുഷ്യരുടെയും നാൽക്കാലികളുടെയും നിരന്തരമായ ആക്രമണം നിലയ് ക്കുകയും ചെയ്തപ്പോൾ ആ മലകളുടെ മുറിവുകൾ ഉണങ്ങിത്തുടങ്ങി. അദ്ഭുതം തോന്നുമാറ് പത്തു തൈ ന ട്ടിടത്ത് ഇരുപതു തൈകൾ പ്രത്യക്ഷപ്പെട്ടു! തനിയെ കിളിച്ചവ നട്ടവയേക്കാൾ തിടുക്കത്തിൽ വളർന്നു. ആദിവാ സികൾ ശേഖരിച്ചു കൊണ്ടുവരുന്ന കാട്ടുവിത്തുകൾ അവിടെയെല്ലാം വാരിവിതറി.

**മഴ വരുന്നു**

നടീൽ കഴിയുമ്പോൾ പേടിച്ചു പേടിച്ചാണ് നോക്കിയിരിപ്പ്. ഉണങ്ങിപ്പോകുമോ? മഴ കനിയുമോ? ഇടയ് ക്കൊക്കെ മഴ മാറിനിന്ന് എല്ലാം ഉണങ്ങുമെന്നായപ്പോൾ ആദിവാസിപ്പെണ്ണുങ്ങൾ താഴെ തോട്ടിൽനിന്നും അവർ ക്കുവേണ്ടി കുഴിച്ച കിണറ്റിൽനിന്നും വെള്ളം കോരി കുടങ്ങളിൽ നിറച്ച് മലകയറിച്ചെന്നു തൈകൾ നനച്ചു. കുറേയൊക്കെ കരിഞ്ഞുപോയെങ്കിലും ഏറെയെണ്ണം അവർ പോറ്റിയെടുത്തു. ഓരോ മഴയും മലകൾക്കു ചൈ തന്യം നൽകി. വരണ്ടുകിടന്ന മണ്ണ് പെയ്ത മഴ മുഴുവൻ വലിച്ചു കുടിച്ചു. ദുഃഖസ്വപ്നത്തിൽ നിന്നെന്നപോലെ ബൊമ്മിയാംപടി കുന്നുകൾ നെടുവീർപ്പിട്ട് ഉണർന്നു തുടങ്ങി. മെലിഞ്ഞ മരങ്ങൾക്കെല്ലാം ഉയിരുവച്ചു. വെട്ടിയ കുറ്റികളെല്ലാം പൊട്ടിക്കിളിച്ചുതിർത്തു. ആടുമേഞ്ഞും തീവീണും തരിശായിക്കിടന്നിടത്തെല്ലാം സസ്യവൃക്ഷപ്പ ടർപ്പുകൾ തിമർത്തുയർന്നു.

**പിന്നാലെ കിളികളുമെത്തി**

പച്ചപ്പുവന്നപ്പോൾ കിളികളെത്തി. തേനീച്ചകളെത്തി. മുയലും കുറുക്കനും പാമ്പും കീരിയുമെത്തി. ആദി വാസികൾക്കൊപ്പം കിളികളും വിത്തെറിഞ്ഞു തുടങ്ങി! ഞങ്ങൾ നൂറു മുളംതൈ നടുമ്പോൾ അഞ്ഞൂറു മുളംതൈ കിളിച്ചു പൊങ്ങിയതിന്റെ രഹസ്യമെന്ത്! എന്നോ മരിച്ചുപോയൊരു കാട് പതുക്കെ ഉയിർത്തെണീക്കുകയായി. കാടിനു കാവൽ നിൽക്കുന്ന ഗുമ്മൻ ദിവസം ഒരു ഉത്സാഹത്തോടെ ഒരു വാർത്തകൊണ്ടുവന്നു. "നാങ്കടെ കാ ട്ടില് ഒരു കേഴ ഏങ്കിരുന്തോ ഓടിവന്തിരിക്ക്". എവിടെനിന്നോ ഒരു കേഴമാൻ ഏതോ വേട്ടത്തോക്കിനു മുന്നിൽനി ന്നാവാം രക്ഷപ്പെട്ട് കൂട്ടംതെറ്റി ഓടിയോടി ഈ പുതിയ കാട്ടിൽ കയറി ഒളിച്ചുവത്രേ! ചില മാസങ്ങൾ കഴിഞ്ഞു ഞാൻ ചെന്നപ്പോൾ കുറേക്കൂടി സന്തോഷമുള്ളൊരു വാർത്തകേട്ടു, "നാങ്കടെ കേഴ പെറ്റാച്ച്. കുട്ടി വിളിക്കിറത് കേട്ടേൻ." അഭയം തേടിവന്ന ആ പാവത്തിന് ഒരു കുഞ്ഞു പിറന്നിരിക്കുന്നു! തുടക്കം അതായിരുന്നു. ഇന്ന് ആ കാട്ടിൽ ചെറിയ കേഴമാൻകൂട്ടം തന്നെയുണ്ട്.

**പൊന്തകളും പാമ്പുകളും**

ആ മുള്ളുവേലിക്കകത്തു കയറാൻ ഇപ്പോൾ ബുദ്ധിമുട്ടായിത്തുടങ്ങി. മുൾപ്പൊന്തകൾ വളർന്നുതിങ്ങി. വ ള്ളിപ്പടർപ്പുകൾ മൂടിയ വൻചരിവുകളുമായി നിറയെ മുളങ്കൂട്ടങ്ങളും കാട്ടുവള്ളികളും അടിക്കാടുകളും തഴച്ച് ആ പ്രദേശത്തിന്റെ മുഖച്ഛായയാകെ മാറിക്കഴിഞ്ഞു. "നിറയെ പാമ്പിരിക്ക്" എന്ന് ആദിവാസികൾ മുന്നറിയിപ്പു ത ന്നിരുന്നു. പക്ഷേ, പാമ്പിന്റെ പിന്നാലെ കീരികൾ എത്തിയിട്ടുണ്ട്. മരക്കൊമ്പുകളിൽ പ്രാപ്പിടിയനും മൂങ്ങയുമുണ്ട്. പാമ്പുപെരുകാതെ അവർ നോക്കിക്കൊള്ളും.

മുളങ്കൂട്ടങ്ങളും മുൾപ്പടർപ്പുമെല്ലാം വകഞ്ഞുമാറ്റി ഉള്ളിൽ കയറി അനങ്ങാതിരുന്നാൽ കാടിന്റെ പച്ചമ ണം. കാട്ടുകാറ്റ്, കാടിന്റെ ഇരമ്പം..! ഈ കൊച്ചുകുറ്റിക്കാടിന് ഇതൊക്കെ ഇത്രവേഗത്തിൽ എങ്ങനെ കൈവ ന്നു! രേശിയും മരുതിയും അഹ്ലാദത്തോടെ പറഞ്ഞു: "കാട്ടിനുള്ളിൽ തേനിരുക്ക് അമ്മാ, നാങ്കൾ എടുത്താച്ച്". കുട്ടികൾ തേനട നാവിലിട്ടു നുണച്ചു നടന്നുവത്രേ! ഞങ്ങളുടെ മനസ്സിൽ മധുരം.

**അരുവിയുടെ രണ്ടാം ജന്മം**

ഒരു മനോഹരമായ അനുഗ്രഹം കൂടെ പറയാനുണ്ട്. പണ്ടുപണ്ട് എന്നോ മരിച്ചുപോയൊരു കുഞ്ഞുറവ ആ പുതുകാട്ടിനുള്ളിൽ വീണ്ടും പിറന്നിരിക്കുന്നു! കുറേശ്ശെ കിനിഞ്ഞിറങ്ങി ഒലിച്ചു തുടങ്ങിയിരിക്കുന്നു. വലിയ വേ നൽ വരുമ്പോൾ അതു മറഞ്ഞുകളയും. എങ്കിലും എങ്ങും പോയിട്ടില്ല. മേൽമണ്ണ് ഇത്തിരിയൊന്നു മാറ്റിനോ

ക്കിയാൽ വെള്ളം തുളുമ്പിവരുന്നതു കാണാം. ആ ഉറവ അവിടെത്തന്നെയുണ്ട്. ചുറ്റുമുള്ള കാട് ഭദ്രമായി സംരക്ഷിക്കപ്പെടുകയും ചില മഴക്കാലങ്ങൾകൂടി കിട്ടുകയും ചെയ്താൽ അതു നിലയ്ക്കാതെ ഒലിച്ചുതുടങ്ങിക്കൊള്ളും. എന്നെങ്കിലും ഒരുനാൾ മലഞ്ചരിവിലൂടെ ചിരിച്ചുകുതിച്ച് ആ ഉറവ താഴേക്ക് ഒഴുകിവന്നെത്താതിരിക്കില്ല. ഈ വിശ്വാസം എന്റെ വരണ്ട മനസ്സിനെയും ആർദ്രമാക്കുന്നു.

അട്ടപ്പാടിയിലെ ഈ കാടുകൾ ഇലപൊഴിയും കാടുകളാണ്. വേനൽക്കാലത്ത് ഉണങ്ങിയപോലെ ചില്ലകൾവിടർത്തി മുഷിഞ്ഞു നിൽക്കും. അപ്പോൾ അവിടം കാണാൻ സുഖമില്ല.

ഈ യത്നത്തിന്റെ ഫലമായുണ്ടായ ആത്മവിശ്വാസം അടുത്ത എഴുപതു ഹെക്ടറിൽ കൂടി ഇതേ പ്രവർത്തനം തുടരാനുള്ള ധൈര്യം ഞങ്ങൾക്കു നൽകി. ആ പ്രദേശവും ഇപ്പോൾ ചെറുകാടുകളായി മാറിക്കൊണ്ടിരിക്കുന്നു. കഷ്ടിച്ച് രണ്ടു വർഷം മാത്രമേ അവിടെ പണിയെടുക്കാൻ ഞങ്ങൾക്കു കഴിഞ്ഞുള്ളൂ. അപ്പോഴേക്ക് പ്രോജക്ടിന്റെ കാലാവധി തീരുകയാൽ ഭൂമി സർക്കാറിനെ മടക്കി ഏൽപ്പിച്ചിട്ടു ഞങ്ങൾ പിന്മാറി.

ഈ പ്രയത്നത്തെ വിലയിരുത്തുമ്പോൾ ഒന്നോർക്കാനുണ്ട്. കേരളത്തിൽ ഈ വിധത്തിലുള്ള ആദ്യത്തെ പരീക്ഷണമായിരുന്നു അത്. പരിചയക്കുറവിന്റെ പോരായ്മകളുണ്ടാവാം. പക്ഷേ, വനവൽക്കരണത്തിന് ഒരു മാതൃക എന്ന നിലയിൽ ഈ പരീക്ഷണത്തെ വിലയിരുത്തുക. പ്രയത്നകാലാവധി കഴിഞ്ഞപ്പോൾ അവിടെ കാടാണോ ഉയിർത്തത്, പ്ലാന്റേഷനാണോ എന്നു പരിശോധിക്കുക. സസ്യവൈവിധ്യം, മണ്ണിന്റെ പോഷണം, ഈർപ്പം, മണ്ണൊലിപ്പുതടയൽ, വന്യജീവികളുടെ ആവാസം, നിർവാർച്ചയുടെ വർധന എന്നിവ ബൊമ്മിയാംപടിയിലെ വനജീവനപ്രദേശം നേടിയിരിക്കുന്നു എന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. വിജയത്തിന്റെ മാനദണ്ഡം ഇവയെല്ലാമാണ്.

പുനർജനിച്ച ആ വനഭൂമി ഞങ്ങൾ കേരള സർക്കാരിന് മടക്കിക്കൊടുത്തു കഴിഞ്ഞിരിക്കുന്നു. പക്ഷേ, അതിനുമുമ്പ് ഞങ്ങൾ അതിനൊരു പേരിട്ടു-കൃഷ്ണവനം; പ്രകൃതിസംരക്ഷണ സമിതിയുടെ വഴികാട്ടിയും അധ്യക്ഷനും ഞങ്ങളുടെ ഗുരുനാഥനുമായ എൻ.വി. കൃഷ്ണവാരിയരുടെ ഓർമ്മയ്ക്ക്. ഇവിടം കാണാൻ ഞങ്ങളോടൊപ്പം എൻ.വി. വരാമെന്ന് ഏറ്റതാണ്. ഞങ്ങൾക്കതിനു ഭാഗ്യമുണ്ടായില്ല. വനംവകുപ്പിന്റെ രേഖയിൽ ആ പേരും ഉൾപ്പെടുത്തണമെന്നു ഞങ്ങൾ അഭ്യർഥിച്ചിരുന്നു. എൻ.വി.ക്ക് ഇതിലും സമുചിതമായ മറ്റൊരു സ്മാരകം ഞങ്ങൾക്ക് പണിയാനില്ല.

**വനവൽക്കരണത്തിന് ഒരു രക്തസാക്ഷി**

മറ്റൊരാളെക്കൂടെ ഓർമ്മിക്കാനുണ്ട്. ബൊമ്മിയാംപടി മലമുകളിൽ വീണു മരിച്ച ഞങ്ങളുടെ പ്രിയ സഹോദരനായ അവറാച്ചനെ. കുപ്രസിദ്ധമായ മൂച്ചിക്കുണ്ട് കേസിന്റെ കാലത്ത് ഞങ്ങളോടൊപ്പമെത്തിയ വി.എം. എബ്രഹാം എന്ന മാർക്സിസ്റ്റുകാരനായ പഞ്ചായത്ത് പ്രസിഡന്റ് എന്നും ഞങ്ങളൊടൊപ്പം ഉണ്ടായിരുന്നു. സ്വകാര്യഭൂമിയാണെന്നു പറഞ്ഞ് സർക്കാർ എഴുതിത്തള്ളിയ നിബിഡമായ മൂച്ചിക്കുണ്ട് വനവും വെട്ടിയ മരങ്ങൾക്കു വിലയായി പത്തുലക്ഷം രൂപയും സർക്കാറിനു കേസ് നടത്തി മടക്കിക്കൊടുത്തത് അവറാച്ചനെ മുന്നിൽ നിർത്തിക്കൊണ്ടായിരുന്നു. അന്നുമുതൽ അവറാച്ചൻ ഞങ്ങളിൽ ഒരാളായി. ബൊമ്മിയാംപടിയിലെ വനവൽക്കരണത്തിന്റെ ചുമതലക്കാരനായി. ഈ പണി നടന്നുകൊണ്ടിരുന്ന കാലത്ത് മലമുകളിൽ വേലിക്കകത്ത് ആരോ പുല്ലുവെട്ടുന്നു എന്നു കേട്ടു ക്ഷോഭിച്ച് ഓടിക്കയറിച്ചെന്ന അവറച്ചാൻ ഹൃദയാഘാതം മൂലം അവിടെ വീണുമരിക്കുകയാണുണ്ടായത്. അവറച്ചാന്റെ ഓർമ്മയ്ക്ക് അവിടെ ഇന്ന് ഒരാൽമരത്തൈ ഉയർന്നുവരുന്നു.

**ആദിവാസിക്ക് അനുഗ്രഹം**

ഈ പ്രവർത്തനത്തിന്റെ ഗുണഭോക്താക്കൾ ആരാണ്? ബൊമ്മിയാംപടിയിലെ പട്ടിണി തിന്നുന്ന ആദിവാസിയും കൂട്ടരും. ആ പുനർജനിച്ച കാട്ടിൽ നിന്നും വിറകും പുല്ലും പച്ചമരുന്നും കാട്ടുതേനും കായും കിഴങ്ങുമെല്ലാം അവനു കിട്ടും. അവരുടെ കൃഷിസ്ഥലത്തിനു കൂടുതൽ ഈർപ്പവും വളക്കൂറുമുണ്ടാവും എന്നും. ആ മലമുകളിലെ മണ്ണൊലിപ്പ് നിലച്ചിരിക്കുന്നു എന്ന് ഞങ്ങളറിയുന്നു. ഈ മാതൃക മറ്റു മലകളിൽക്കൂടി തുടരാൻ ഞങ്ങൾ വനംവകുപ്പിനോടു തന്നെ അഭ്യർഥിക്കുകയാണ്. അട്ടപ്പാടി മുഴുവൻ പച്ചപിടിക്കുന്നതുവരെ ഈ യജ്ഞം തുടരുകതന്നെ വേണം. ആദിവാസിക്കും അതിവേഗം മരുവായിക്കൊണ്ടിരിക്കുന്ന ആ മണ്ണിനും ഈ സ്നേഹശുശ്രൂഷ ആവശ്യമുണ്ട്. ബൊമ്മിയാംപടിയിലെ ആദിവാസിക്ക് ഇന്നു വെളിച്ചം കാണാൻ സൂര്യവിളക്കുകളുണ്ട്. അവന്റെ മലയിൽ പച്ചപ്പിന്റെ സൗഭാഗ്യമുണ്ട്. എങ്കിലും ഇതൊരു തീരെ എളിയ തുടക്കം മാത്രമാണ്. അട്ടപ്പാടിയെ പറ്റി മഹാസ്വപ്നങ്ങൾ കാണാൻ നമുക്ക് കഴിയണം.

*- കാടിനു കാവൽ (സുഗതകുമാരി)*